848:11 G8

DURMOHAPARMOKTI

BHASKARA MENON

032:1M848:11
G8

032:1M848:11 G8
BHASKARA MENON (M.)
Dhurmohamarmokki.

95956

MUL
095956

Durmohanarmokthi

# ദുർമ്മോഹനമ്മോക്തി.

Manikkath Bhaskara Menon B.A, B.

മാണിക്കത്ത് ഭാസ്കരമേനോൻ, ബി. ഏ. ബി. എൽ.

റിട്ടയർഡ് ഡിസ്ത്രിക്ട് ജഡ്ജി.

പ്രസാധകൻ

ബി. എം. ഗോപാൽ, ബി. ഏ. ബി. എൽ.

അഡ്വക്കേററ്,

"മീനഭാസ്", കോയമ്പത്തൂർ.

1113] [വില 8 ണ

പകർപ്പവകാശം പ്രസാധകന്ന്.

അച്ചടിക്കേണ്ടും മേൽവിലാസം:—

ബി. വി. ബുക്കഡിപ്പോ ആൻറ് പ്രിൻറിംഗ് വർക്സ്,

തിരുവനന്തപുരം—തൃശ്ശിവപേരൂർ.

(പ്രസാധകന്മം)

1-ാംപതിപ്പ് കോപ്പി 500

95956
19562
032:1M848:11
G8

# പ്രസാധകക്കുറിപ്പ്

വളരെക്കാലമായി അനുകരണവും വേഷപ്പകൎച്ചയും കണ്ടു ബുദ്ധിമാന്ദ്യം ഭവിച്ചിട്ടുള്ള ഭാഷാഭിമാനികൾക്കു അകൃത്രിമവാസനാസ്ഫുരിതവും ഫലിതമയവും പ്രസന്നപ്രൌഢരസികവും ആയ ഈ വിമൎശനം ഹൃദയംഗമമാകുമെന്നും മേലാൽ ഗ്രന്ഥനിൎമ്മാണത്തിന്നു ഒരു നവീനപരിഷ്കൃതരീതിയെ ആസ്പദിച്ച പ്രോത്സാഹനത്തെ കൊടുക്കുമെന്നും ഉദ്ദേശിച്ചാണ്ണ് ഞാൻ ഈ പ്രസിദ്ധീകരണത്തിന്ന് ഒരുമ്പെട്ടതു്.

സഹൃദയന്മാരായ വായനക്കാരുടെ ദയാപൂൎണ്ണമായ ഈ വിമൎശനത്തിൻെറ സ്വീകരണപ്രോത്സാഹനത്തെ പ്രതീക്ഷിച്ചുംകൊണ്ടാണു് മുഖവുരയിൽ പ്രസ്താവിച്ച ഇതര പദ്യപ്രബന്ധങ്ങളുടെ പ്രസിദ്ധീകരണത്തിന്നു ഞാൻ കാത്തിരിക്കുന്നതു്.

വലിയ അച്ചടിപിശകുകൾ കൂടാതെ ഭംഗിയാംവണ്ണം ഈ പ്രബന്ധം അച്ചടിച്ച് തയ്യാറാക്കുന്നതിൽ ജാഗരൂകന്മാരായിരുന്ന ബി. വി. ബുക്കുഡിപ്പൊ പ്രവൎത്തകന്മാരുടെ സഹായ സഹകരണങ്ങൾ ഞാൻ വിസ്മരിക്കുന്നില്ല.

കോയമ്പത്തൂർ,
15—5—'38

എന്നു്,
പ്രസാധകൻ.

# ശുദ്ധിപത്രം.

| ശ്ലോകം | അബദ്ധം | സുബദ്ധം |
|---|---|---|
| 13 | സ്വജീവം | സ്വരൂപം |
| 19 | ഇജ്ജതമ | തജ്ജ്മ |
| 59 | യോഷം | യോഷാ |
| 67 | പോലെലരു | പോലൊരു |
| 70 | ാന്നു | നൊന്നു |
| 74 | നകകാ | കനകാ |
| 83 | ജംഘാലായഗ | ജംഘാലായുഗ |
| 87 | മറകള | മുറകള |
| 96 | ണ്ടെപ്പോഴ്. | ഞ്ഞെപ്പോഴ്. |
| 97 | ജനകജ്ഞാ. | കമലജ്ഞാ. |
| 104 | ശരനകി | ശരന്നേകി |
| 137 | പൊരുന്തോടി | പൊരുന്തോട |
| 146 | നാമധേയം | നാമധേയാ |
| 147 | യവരന്നു | യപരന്നു |
| 148 | ഹോമാദ്രി | ഹോമാദി |
| 162 | വാച്ചാഖ്യനാം | പാച്ചാഖ്യനാം |
| 163 | തുല്യ | തുല്യം |
| 166 | വെച്ചതാൻ | വെച്ചതാൻ |
| 170 | കാറ്യാംഗന | കാവ്യാംഗനാ |
| 171 | ക്രൂട്ടം | കൂട്ടം |

# മുഖവുര.

---

നാലഞ്ചക്ഷരവും വഹിച്ചിരുപതും
        നാലും വയസ്സായിട്ടും
കാലത്തർത്ഥസമാർജ്ജനത്തിനുതകു-
        ന്നുദ്യോഗമാർന്നിട്ടു ഞാൻ
നാലഞ്ചാണ്ടു കഴിഞ്ഞതിൽ പരിണയി-
        ച്ചേവം ഗൃഹസ്ഥാശ്രമം
പാലിച്ചഞ്ചു കിടാങ്ങളോടുമൊരുമി-
        ച്ചാനന്ദമാർന്നീടിനേൻ. 1

മാതാവിൻെറ സഹോദരന്നു മകളൊ-
        ന്നുണ്ടായതായ് കേൾക്കയാൽ,
ജാതാമോദമിയന്നു പുഞ്ചിരികല-
        ർന്നെന്നെൻെറ മാതാവഹോ
"ചേതോഹാരിണിയാൾക്കു നീ വരന"തെ-
        ന്നെന്നോടു ചൊന്നാളതിൽ
പ്രീതൻ ബാലകനായ ഞാനതുമുതൽ-
        ക്കവ്വണ്ണമോർത്തീടിനേൻ. 2

---

1. നാലഞ്ചക്ഷരം—ബി. എ. & ബി. എൽ.
ഉദ്യോഗം—വക്കീൽ

കാരുണ്യപ്രണയങ്ങളോടിടകല-
ൎന്നെന്നും കുമാരീജനം
പാരംകൌതുകമാൎന്നവൎക്കു കണവൻ
ഞാനെന്നുചൊല്ലിപ്പുരം
നേരംപോക്കുകളെചെയ്തുകൊണ്ടു കളിയാ-
ക്കീടുന്നകാലംമുതൽ-
ക്കാരോമൽചെറുപെൺകിടാവിനിവനോ-
ടുൾപ്രേമമുണ്ടായിപോൽ 3

കൌമാരത്തയഹോപിടിച്ചുവെളിയിൽ
തള്ളീട്ടുതാരുണ്യമ-
ന്നാമോദിച്ചുഗൃഹപ്രവേശകുതുകം
ഘോഷിച്ചുനാൾതൊട്ടഹോ
സാമോദംപരിണീതനാകുവതിന-
ന്നോരോതടസ്ഥങ്ങളാൽ
സാമാന്യംബതവത്സരത്രയമതിൽ
സാധിച്ചതേയില്ലതാൻ 4

അന്യോന്യംപ്രണയംവളൎന്നസുദൃഢം,
താരുണ്യമെന്നോമലാൾ-
ക്കന്യൂനംബതവന്നുയൎന്നിതതിനാ-
ലാനന്ദമാൎന്നോരുഞാൻ
കന്യാമാതുലനായൊരെൻറസഖിയോ-
ടൊതീട്ടു, ദാമ്പത്യമാം
മാന്യസ്ഥാനവുമെൻറജീവനെയുമേ-
തന്നപ്പിക്കുനൽകീടിനേൻ 5

ഏകപ്രാണങ്ങളായിട്ടഭിരുചിയഭിമാ-
നം മുതൽക്കുള്ളതെല്ലാ-
മേകംതന്നെയതെന്നുള്ളൊരുനിലയിലഹോ-
രാത്രമുദ്ദീപ്തരാഗം
ത്തുകിക്കൊണ്ടേറയത്തിച്ചതിസുഖമനിശം
നൽകിയൊന്നിച്ചിരുന്നാ-
ളേകത്രിംശാബ്ദമോമൽപ്രണയിനിമഹിളാ-
മൌലിമാണിക്യരത്നം. 6

നീലത്താമരസത്തിനൊത്തനയനം,
മൽദർശനാലെൻപ്രിയ-
ക്കാലോലായതകോമളാകൃതി കല-
ന്നാനന്ദകോലാഹലം
കോലുംവണ്ണമതായിനിക്കസരസം
പണ്ടിട്ടപോലേറ്റവും
ചേലായെന്നരുളുംവിധത്തിലനിശം
ഹർഷിച്ചു കണ്ടീടിനേൻ 7

കന്നൽക്കണ്ണിമനോഹരിക്കുവദനം
പങ്കേരുഹംതന്നെ,ഞാൻ
മന്നിൽപങ്കജബാന്ധവൻ, പരമവൾ-
ക്കെന്നും മനോമോഹനൻ,
എന്നോതുന്നവിധംപ്രഫുല്ലവദനം
മൽപ്രാണനാഥക്കതാ-
നെന്നുംകണ്ടതികൌതുകാലഹമഹം-
ഭാവംവഹിച്ചീടിനേൻ 8

മാൎത്താണ്ഡൻശശഭൃത്തിനുള്ള സുഷമാ-
സൌഭാഗ്യഭൃതിക്കഹോ
കൎത്താവാണതുകാണുകെന്നുപറയും
മട്ടായി,മൽദൎശനാൽ
മുത്താൎന്നുടെവല്ലഭക്കുവദനം
രാകാശശാങ്കോപമം
വൎത്തിക്കുന്നതുകണ്ടുകണ്ടഹമഹം
ഭാവംവഹിച്ചീടിനേൻ 9

രാകാചന്ദ്രനതായിട്ടും,ഹിമകരൻ,
മാൎത്താണ്ഡയോഗത്തിനാൽ,
ശോകംപൂണ്ടഥമങ്ങിമൌഢ്യമിയലും,
ഭാനോൎവിയോഗത്തിലും
ലോകത്തിൽപരമീവിപൎയ്യയമഹോ
കാണിച്ചുകൊണ്ടത്ഭുതം
തൂകും മൽപ്രിയതൻസുധാംശുവദനം
ഗൎവ്വത്തെയേകീപരം. 10

---

10. രാകാചന്ദ്രൻ—വെളുത്തവാവിലെ പൂൎണ്ണചന്ദ്രൻ

ഹിമകരൻ മാൎത്താണ്ഡസംയോഗംകൊണ്ടു് രാകാചന്ദ്രനായും, വി യോഗത്താൽ മൌഢ്യത്തോടുകൂടിയും (മങ്ങി പ്രഭകുറഞ്ഞ്) ഭവിക്കും. പ്രകൃതിശാസ്ത്രപ്രകാരം മാൎത്താണ്ഡസംഗത്താൽ ചന്ദ്രന് മൌഢ്യവും, വിയോഗത്താൽ പൂൎണ്ണപ്രഭയും, ഉണ്ടാകുന്നതാണല്ലൊ. എന്നാൽ ഇവിടെ ഹിമകരൻ മാൎത്താണ്ഡസംയോഗത്താൽ രാകാചന്ദ്രനായും വിയോഗത്താൽ മൌഢ്യത്തോടുകൂടിയും ഭവിക്കുന്നു. ഈ വിപൎയ്യയമായ അത്ഭുതത്തെയാണു് ഇവിടെ വൎണ്ണിക്കുന്നതു്.

കുശേശയദളോപമം നിജ
വിലോചനം രണ്ടുമെൻ
നിശാകരസമാനനാവിക-
സിതങ്ങളാക്കിസ്സദാ
വിശുദ്ധമതിയാൻകൊണ്ടപ-
ചിതിക്കുറച്ചാദരാൽ
വിശേഷകുസുമാൎച്ചനാപര-
യതായിവാണീടിനാൾ 11

മുക്താഫലം, വിമലകോമളമാംനിവേദ്യം
ഭക്ത്യാവിളമ്പിയരുളും, പ്രണയപ്രണാമം
നക്തംദിവംപ്രണയവാഹിനിയിൽകുളിപ്പി-
ച്ചുക്തങ്ങളെൻ,പ്രിയയിനിക്കിഹനൽകിവാണാൾ

അമ്മയും, പരിചാരകാ,സഖി,-
മന്ത്രിയും, ബതഭാൎയ്യയും,
നിൎമ്മലാംഗിയൊരുത്തിയഞ്ചവതാ-
രമൂൎത്തികളായഹോ
കൎമ്മകാലമതിന്നുചേൎന്നുരുവത്തെ-
യാൎന്നതിശാന്തയായ്
സമ്മദാലവളെൻറഭാൎയ്യയഭീ-
ഷ്ടിതംവരമേകിനാൾ 13

11. നിശാകരസമാനനാ—ചന്ദ്രമുഖി
അപചിതി—പൂജ
12. മുക്താഫലം—മുത്ത്, (ഇവിടെ പല്ലുകൾ) നക്തം—പകൽ
ദിവം—രാത്രി
13. ഉരുവം—സ്വരൂപം സമ്മദാൽ—സന്തോഷത്തോടുകൂടി

"മീനലോചന"യോടുകൂടി
വസിക്കയാലവനീതലം
'ദാനവാരിനിവാസലോക'
മതെന്നുതന്നെനിനച്ചുഞാൻ
മാനിനീമണിമാർക്കിടക്കൊരു
"തങ്ക"മാണവളെന്നുമെൻ
മാനസത്തിലനല്പമോദ
സമന്വിതം കരുതീടിനേൻ 14

പ്രാണപ്രേയസിദേവലോകമതിലെ-
ക്കായിട്ടുപോകുമ്പോഴെൻ-
കാണംപ്രാണനെയുംതിരിച്ചിഹതരാ-
താഹന്തപോയീടിനാൾ
പ്രാണൻപോയകളേബരത്തെയനിശം
താങ്ങിക്കുമംകൊണ്ടുഞാൻ
കാണുന്നുണ്ടിഹശോകസാഗരമഹാ
ഗംഭീരഭാഗം സദാ 15

---

14. മീനലോചന—മത്സ്യാകൃതിയുള്ള കണ്ണുകളോടുകൂടിയവൾ
'മീനാക്ഷി'—കവിയുടെ ഭാര്യയുടെ പേർ
ദാനവാരിനിവാസലോകം—ശ്രീപത്മനാഭവാസസ്ഥലമായ
തിരുവനന്തപുരം.) തങ്കം–ശ്രേഷ്ഠ (ഭാര്യയുടെ പേർ)

15. കാണം—5–ാംശ്ലോകത്തിൽ "ജീവനെയുമെ നൽകീടിനേൻ"

ജായാരിഷ്ടംമുതൽക്കീയവനിമുഴവനും
ശ്ശൂന്യമായിച്ചമഞ്ഞി-
ട്ടായുൎന്നാശത്തിനാശിച്ചനവരതമഹം
മോഹമാൎന്നിങ്ങിരുന്നേൻ
പ്രായാധിക്യാലശക്തൻ,യുഗസദൃശമതാ-
മാറുകൊല്ലംനിതാന്തം,
ജായാഹീനംഗൃഹാന്തം,വലിയൊരുവിപിനം
പോലെയായ്ക്കണ്ടുഴന്നേൻ. 16

കുഗ്രാമത്തിലിരിക്കിലുംനഗരമെ-
ന്നാവാസമാക്കീടിലും,
ജാഗ്രത്തിങ്കലു,മത്രനിദ്രയിലു,മെൻ
ജായേതിചിന്തിച്ചുഞാൻ
വ്യഗ്രംപാരമകത്തടക്കിമതികെ-
ട്ടുത്സാഹമില്ലാതെ ന-
ല്ലുഗ്രംശാശ്വതമൌഢ്യമാൎന്നുസമയം
പോകാതുഴന്നീടിനേൻ 17

നേരംപോക്കുന്നതിന്നുംമതിയതിലപരം
ചിന്തചേൎക്കുന്നതിന്നും
സ്വൈരംവായിച്ചുനോവൽകഥകളതിനിട-
ക്കന്തരാത്മാവിലോൎത്തേൻ
സാരാംശംകണ്ടെടുത്തിട്ടൊരുപുതിയതരം
പദ്യരൂപപ്രബന്ധ-
പ്രാരംഭംഹൃദ്യമാമെന്നതിനുമതിവരാ-
താറുമാസംകഴിച്ചേൻ 18

മൽപ്രാണേശ്വരിയാൾക്കുനോവലിലെഴും
സാരസ്യസാരത്തെഞാൻ
കേൾപ്പിക്കുംപൊഴുതൊന്നുജ്ജന്മകഴി-
ച്ചിട്ടുകണ്ടീടുവാൻ
താല്പൎയ്യംവളരുന്നിതെന്നു പറയാം-
റുള്ളോരുവാക്യത്തെഞാൻ
സ്വല്പംമാനസതാരിലോൎത്തുകവിത-
ക്കുദ്യോഗമാൎന്നീടിനേൻ 19

ഷഷ്ട്യബ്ദത്തിനുമേലെയായിതുവയ
സ്സിന്നല്ലനാളേയഹം
ദിഷ്ടാന്തത്തിലണഞ്ഞിടുംമരണമൊ-
ന്നില്ലാതെയില്ലാൎക്കുമേ
കഷ്ടം കൊണ്ടിഹലോകവാസമതിലു-
ള്ളാസക്തിവിട്ടോരുഞാൻ
കഷ്ടിച്ചക്ഷരമത്രചേൎത്തുവികട-
ശ്ലോകം ചമക്കുന്നതാം. 20

"ലീലാവതീപരിണയം"പരിചിൽകഴിച്ചു
"കല്യാണി"യേയുമുടനേ"ഹരണം"കഴിച്ചേൻ
മാലേകി"മാലതി"യെയും"വരണം"കഴിച്ചു
നാലഞ്ചുമാസമവരോടൊരുമിച്ചിരുന്നേൻ 21

നല്ലാരിൻമണി"മല്ലിക"ക്കുപുനരാ-
    "ഉദ്വാഹ"മുണ്ടാക്കിഞാൻ
മല്ലാക്ഷീമണി"ഭാഗ്യലക്ഷ്മി"യെയുമേ
    "പാണിഗ്രഹം"ചെയ്തഹോ
കല്യാ'മേനക'"യേവരിച്ച"ഥജരാ-
    കീർണ്ണൻ"നവാബാ"യിഞാ-
നില്ലത്തിങ്ങുവസിച്ചിട്ടുന്നിതിനിമേൽ
    കർത്തവ്യമോർത്തിട്ടുതാൻ 22

---

ലീലാവതീപരിണയംമുതലായതെല്ലാം
മാലോകരങ്ങറിയുവാനവയച്ചടിച്ചാൽ
ഫേലാകുമെന്നു ചിലമിത്രരുരച്ചിടുന്ന-
കാലത്തുപൂർവ്വകവനങ്ങളെഞാൻനിനച്ചേൻ 23

പെട്ടെന്നോർത്തിതുപണ്ടുതീർത്തവികട
    ശ്ലോകങ്ങളെപ്പററിഞാ-
നൊ,ട്ടേറെക്കുതുകംവളർത്തിയുടനേ
    മല്ലുത്രനാപ്പുസ്തകം
പെട്ടിക്കുള്ളിലെടുത്തുവെച്ചിതുവരെ-
    സ്സംക്ഷിച്ചതാണെന്നര-
ച്ചോട്ടംതാമസമെന്നിയേമമപുരോ-
    ഭാഗത്തിൽ വെച്ചീടിനാൻ. 24

---

22. നവാബ് --നവാബിനാണല്ലൊ അനേകഭാര്യമാർ.

സാഹിത്യത്തിന്നതീവസങ്കടമഹോ
നൽകീട്ടുപണ്ടത്ഭുതോ-
ത്സാഹത്താൽ പലരുംമഹാകവികളാ-
ണെന്നോൎത്തുഗൎവ്വത്തിനാൽ
ദ്രോഹിക്കുന്നതുകണ്ടുഹാസ്യമയമാം
"ദുൎമ്മോഹനൎമ്മോക്തി"യെ-
ന്നാഖ്യാനംകലരും വിമൎശനമതൊ-
ന്നിപ്പോൾചമച്ചീടിനേൻ 25

മുത്താൎന്നുമുറക്കുനാമകരണം
ചെയ്തിട്ടരങ്ങേററമാം
കൃത്യം"കൌമുദി"മൂലമായൊരുതരം
സ്വല്പംകഴിപ്പിച്ചുഞാൻ
ചിത്തേവിസ്മൃതിയാൎന്നുകൊണ്ടിരുപത്തും
മൂന്നുംസമാകാലമ-
ങ്ങോൎത്തിലത്ഭുതമച്ചടിച്ചുവിടുവാ-
നോക്കുന്നിതിപ്പോൾമകൻ 26

"മല്ലികാൎജ്ജുന"മെന്നുനല്ലൊരു
പേരെഴുംകഥയൊന്നുഞാ-
നഭ്യസിച്ചുചമച്ചിതെൻെറ
മനോഹരാംഗിയുരക്കയാൽ
കൊല്ലമങ്ങിനെമുപ്പത്തുംപുന-
രേഴുമായിതതിപ്പൊഴെൻ-
ചൊല്ലിനാലതികൌതുകാൽ
മകനച്ചടിച്ചുവിടുന്നതാം 27

സമ്പാദ്യംസ്വല്പമാദ്യംചിലവുമധികമാ-
ണെന്നമൌഢ്യാൽതുടൎന്നേൻ,
സമ്പത്തിന്നുള്ള മോഹാൽ,കശപിശപറയും
കക്ഷിയോടോരിയാട്ടം
മുമ്പിൽപീസെണ്ണിവെക്കുന്നവനൊരടിമയായ്
കേസുവാങ്ങീട്ടക്രുസാ-
തിമ്പംകാണിച്ചിരുന്നേൻചിലവരിഷമഹോ
പീസിനുള്ളാഗ്രഹത്താൽ 28

കേസൊന്നേല്പിച്ചിതെന്നാലതുമുതലടിമാ,
കുട്ടിവക്കീലതെന്നും
പീസല്പംനൽകിയെന്നാലവനുടെയുശിരും
ക്രൂടി വാങ്ങാമതെന്നും
ക്രൂസാതോൎത്തങ്ങടുക്കുംകുടിലമതികള
ന്നുള്ള പൈശാചകക്ഷി-
ക്കുത്സാഹത്തിന്നു മന്ദസ്മിതമയവദനം
കാട്ടിജ്ജീവിച്ചിരുന്നേൻ 29

കക്ഷിക്കാൎക്കുംവിശേഷാൽ ബഹുമഹിമയെഴും
ജഡ്ജിമാൎക്കുംനിനച്ചാ-
ലാക്ഷേപത്തിന്നുപാത്രംപകലിരവുമഹോ
കുട്ടിവക്കീൽമൃദംഗം
ശിക്ഷാവൈശിഷ്ട്യമേറുന്നവരുടെയടികൊ-
ണ്ടിട്ടുമൎമ്മംപിളൎന്നി-
ട്ടക്ഷാഗ്രംപൊട്ടിവീഴുംപടിയുടലുവെടി-
ഞ്ഞത്ര ചാകാതിരുന്നേൻ 30

---

30. അക്ഷാഗ്രം=വണ്ടിയുടെ മേൽക്കൂട്.

ഏഴരശ്ശനിബാധിച്ചി-
ട്ടേഴരക്കൊല്ലമീവിധം
വാഴ്കെന്നാണുവക്കീലി-
ന്നൂഴിയിൽധാതൃകല്പിതം. 31

നാലഞ്ചാണ്ടുകളീവിധങ്ങളിലധികം
കഷ്ടംസഹിച്ചീടുമെൻ
കാലക്കേടിനുമാററമല്പമുളവാ
യെന്നന്നുകണ്ടിട്ടുഞാൻ
ചേലോടുംപെരിണീതനായ്ചിലദിനം
മാലെന്നതേലാതെയെൻ-
പാലോലുംമൊഴിയോടുകൂടിനിതരാം
സൌഖ്യേനവാണീടിനേൻ 32

സന്തോഷംസഹധർമ്മിണിക്കു വരുവാ-
നെന്നോടപേക്ഷിക്കയാൽ
സ്വാന്തത്തിൽകുതുകംനിറഞ്ഞുകവിതാ-
നിർമ്മാണമോർത്തീടിനേൻ
കാന്തേ!നീയെഴുതീടുകിൽപറയുവൻ-
ശ്ലോകങ്ങളെന്നോതിഞാൻ
ചിന്തിച്ചൊന്നുചിരിച്ചുസമ്മതമതെ-
ന്നെൻ കാന്തചൊല്ലീടിനാൾ 33

“മല്ലികാൎജ്ജുന”മെന്ന നൽകഥ
പദ്യരീതിയിലാക്കിഞാൻ
ചൊല്ലിനേൻമമജീവനായിക
മൂണ്ടുമൂണ്ടെഴുതീടിനാൾ
നല്ലതായൊരു“നോവലും”മമ
വല്ലഭാ!പറകെന്നുമെൻ-
പല്ലവാധരിചൊല്ലിനാളതു
സാദ്ധ്യമായതുമില്ലതാൻ 34

കേസ്സുംകക്ഷികളും മുറക്കുദിവസം
വന്നെന്നെബാധിക്കയോ-
ലാസന്നംപ്രസവംമദീയദയിത-
ക്കെന്നുള്ളകാൎയ്യത്തിനാൽ
പീസിന്നാശ,യധീകരിച്ചചിലവോ-
ൎത്താഹന്ത, വൎദ്ധിക്കയാൽ
പ്രാസംവൃത്തമൊഴുക്കുമെന്നിവയെഞാൻ
ദൂരത്തൊഴുക്കീടിനേൻ 35

എന്തോകക്ഷികൾകേസ്സുകോടതിയതെ-
ന്നല്ലാതെമററൊന്നുമെൻ-
സ്വാന്തത്തിൽകരുതാതെപിന്നെയുമഹം
സമ്പത്തുനേടീടുവാൻ
ചിന്തിച്ചന്നുപരിശ്രമിച്ചുധനമൊ-
ട്ടാൎജ്ജിച്ചുപിന്നെക്രമാൽ
സന്തോഷിച്ചുഗൃഹസ്ഥനെന്നനിലയിൽ
കാലംകഴിച്ചീടിനേൻ 36

സാഹിത്യത്തെവെടിഞ്ഞുകൊണ്ടു,സമയം
കിട്ടുമ്പൊഴെല്ലാമഹോ
മോഹിച്ചേൻ,സുതലാളനംദയിതയോ-
ടുല്ലാസസല്ലാപവും
സ്നേഹംഹന്തവളൎന്നഭാൎയ്യാസുതരെ-
ന്നെപ്പോഴുമോൎത്തിട്ടുഞാൻ
സൌഹിത്യംമനതാരിലാൎന്നതിസുഖം
കയ്ക്കൊണ്ടുവാണീടിനേൻ 37

കക്ഷ്യാവിൽകാത്തുനില്ക്കും,സഭയമവസരം
നോക്കിയൊട്ടൊട്ടടുക്കും,
ഭിക്ഷക്കാരെന്നപോലെ,സകലവുമെജമാ-
നെന്നുമന്ദംകഥിക്കും,
രക്ഷിപ്പാനായിരക്കും,കരുണകലരുവാൻ
പീസിരട്ടിച്ചുവെക്കും,
കക്ഷിക്കാരേയുമേററം, ശനിയുടെയൊടുവിൽ
കണ്ടുസന്തോഷമാൎന്നേൻ 38

സമ്പത്തുംബഹുമാനവുംദയിതയും
ചൈതങ്ങളുംനിത്യമെ-
ന്നിമ്പത്തിന്നൊരുമിച്ചിരിക്കുമിടയിൽ
"ദമ്മോഹനമ്മോക്തി"യാൽ
സമ്പ്രീതൻപരമന്യകാൎയ്യനിരതൻ
സാഹിത്യമെന്നുള്ളതിൽ
കമ്പംവിട്ടിരുപത്തിമൂന്നുവരിഷം
മിണ്ടാതിരുന്നീടിനേൻ 39

---

37. സൌഹിത്യം--തൃപ്തി

38. കക്ഷ്യാവിൽ--മാളികവരാന്തയിൽ    സഭയം—ഭയത്തോടെ

പ്രാണപ്രേയസിയാൾമരിച്ചുശരണം
കാണാതെകേണീടുമെ-
ന്നാണത്തംപുനരസ്തമിച്ചവനിയിൽ
ജീവശ്ശവംപോലെഞാൻ
വാണീടുമ്പൊഴുതങ്ങിനിക്കുതുണയാ-
യീടട്ടെസാഹിത്യമെ-
ന്നാണോസാരസസംഭവൻതലയില-
ന്നയ്യോ! വരച്ചിട്ടതും 40

---

ഭുവനമതിലനേകംജോലിയുണ്ടായിരിക്കെ-
ക്കവിതയിലതിമോഹംകൊണ്ടുഴന്നിട്ടൊരുത്തൻ
കവികുലനരസിംഹങ്ങൾക്കിടക്കേറിയിട്ടാ-
ലവനൊരുകവിയാമോയെന്നുചോദ്യംജനിക്കാം 41

വരികവരികയെന്നാധർമ്മരാജൻെറയാൾക്കാർ
പരിചിലിഹപിടിച്ചിട്ടൊന്നുലച്ചങ്ങിഴക്കും
ജരഠനുകവിയാണെന്നുള്ളപേരെന്തിനോവാൻ
കരുതുകവിരുതൻനീയെന്നുമുണ്ടാംവിവാദം 42

പ്രഹരമൊരുവനമ്മക്കേകിയെന്നാലുമപ്പോൾ
ബഹുമതിയുളവാകുന്നുണ്ടുപോലെന്തുചിത്രം
മഹിയിലൊരുവിശേഷംരണ്ടഭിപ്രായമാകു-
ന്നഹിതഹിതവിവാദം,കാര്യമുണ്ടെങ്കിലുണ്ടാം 43

---

42. ജരഠൻ—വൃദ്ധൻ

അഭിരുചിയഭിമാനം ഞാനതെന്നുള്ള ഭാവാ-
ലഭിമതമിവയോർത്താലെത്രയോ കോടിയുണ്ടാം
സഭകളിലിവമൂലം ഭൂരിപക്ഷാവലംബം
പ്രഭുതയിലമരുന്നുണ്ടെന്നതോ സുപ്രസിദ്ധം. 44

കവിതയിതിനെ ഞാനിന്നർപ്പണം ചെയ്കിൽ വൃദ്ധ-
ന്നവമതിയരുളായ്കെന്നീശനെസ്സേവ ചെയ്തും
കവികളൊടു വിശേഷാൽ മാപ്പു നൽകെന്നിരന്നും
വിവശഹൃദയനായിട്ടുദ്ഭ്രമിക്കുന്നിതിപ്പോൾ 45

പിഴകളിതിലനേകം കാണുമെന്നാൽ മഹാത്മാ-
രഴകിലവ തിരുത്തിച്ചേർത്തു വായിച്ചുകൊൾവാൻ
കിഴവനനുവദിച്ചാനെന്നു തന്നേ നിനച്ചാ-
ലഴലൊരു ലവലേശം വന്നുചേരില്ലൊരാൾക്കും 46

കവികുലകുശലന്മാരായിടുന്നാ മഹാന്മാർ
കവിതയിതുമൊരിക്കൽ കാണുമെന്നാകിലപ്പോൾ
അവസരമുളവാക്കിക്കണ്ടിടും വിട്ടുവീഴ്ച-
ക്കിവനൊരു ചെറുതാകും കത്തയപ്പാനപേക്ഷ. 47

പുരുഷവനിതമാരാം വായനക്കാരശേഷം
കരുണകലരുവോരായെങ്കിലെൻ ഭാഗധേയം
വരുണപുരിയിലീശൻതൻ്റെ കാരുണ്യലേശം
വരുവതിനനിതാന്തം തൽപദാബ്ജം തൊഴുന്നേൻ

---

48 വരുണപുരിയിലീശൻ—വരുണേശ്വരൻ പാലക്കാട് എലപ്പുള്ളിയിൽ ക്ഷേത്രത്തിലെ ദേവൻ.

ആലോചിച്ചു പരിശ്രമിച്ചുതല-
കാന്താലസ്യമാർന്നത്ഭുതം
കോലും, വാക്കുകളോർത്തെടുത്തു കവനം
കെട്ടിച്ചമച്ചീടുവാൻ
ശീലിച്ചീലതിനാലബദ്ധകളഭ
ക്കോട്ടാകുമീപ്പുസ്തകം
മാലോകർക്കു നമസ്കരിച്ചു തിരു-
മുൽക്കാഴ്ചക്കു വെക്കുന്നു ഞാൻ 49

കോയമ്പുത്തൂരിലാണെൻ വസതിയതിനു പേർ
“മീങ്കരയാണെ”ന്നതന്നെ
ജായാഭർത്താൽ ദരിദ്രൻ, ദിനമണിമണിയിൽ
ഭക്തൻ മേനവൻ ഞാൻ
പ്രായംചെന്നിട്ടടുത്തൂണരുളിയതുമുദാ-
പതറീടും ജഡ്ജ് ജിങ്കാണെ-
നായുഷ്കാലംവരെക്കും, വ്യസനമിനിവരാ-
തീശ്വരൻ കാത്തിടേണം. 50

---

49 കളഭക്കോട്ട്—ആനക്കോട് (വലിയ അബദ്ധങ്ങൾ ഉള്ള)
50 ജായാ.........ദരിദ്രൻ: “പത്നിയില്ലാത്തവനുമെത്രയും ദരിദ്രന്മാർ” എന്ന് വിദുരവാക്യം.
ദിനമണിമണി—ദിനമണി സൂര്യൻ. സൂര്യന്റെ രത്നം മാണിക്യം. (മാണിക്യം ദിനനായകന്റെ രത്നം.)
അടുത്തൂൺ—പെൻഷ്യൻ.

# ദുർമ്മോഹനിർമ്മോക്തി.

ശ്രീയാന്നേററംവിളങ്ങും വലിയൊരുനിലയിൽ
കാണുമാമന്നവന്നും
കായക്ലേശംസഹിച്ചീയവനിയിലുഴലും
ക്ഷുദ്ദാരിദ്ര്യവാനും
മായാമോഹേനമോഹംപലതരമുളവാ
കുന്നരണ്ടാൾക്കുമൊപ്പം
കായാമ്പൂവർണ്ണനോർത്താൽമതിയതിലണുവും
കാണുമോപക്ഷഭേദം? 1

ആരോരോജനമന്തരാകരുതിടും
മോഹങ്ങളെല്ലാംതുറ-
ന്നാരോടുംപറയുന്നതായപതിവി-
ല്ലെന്നാലുമിന്നേതുമേ
നേരംപോക്കുരചെയ്കയല്ല'കവി'യെ
ന്നോതുന്നരണ്ടക്ഷരം
ചേരുംപേരുലഭിക്കുവാൻകൊതിപെരു-
ത്താഹന്തവാഴുന്നുഞാൻ 2

ശ്രീമൽകേരളഭൂമിയിൽകവികളാ-
യുണ്ടായിനാലഞ്ചുപേ-
രാമോദാലതിനപ്പുറംചിലരുമാ
സ്ഥാനംപിടിച്ചീടിനാർ

കേമന്മാരവരെത്തുടൎന്നുകവിതൻ
പട്ടംലഭിച്ചീടുവാ-
നീമന്നിൽപലജാതിമൎത്ത്യരധുനാ
ചാടുന്നുനിസ്സംശയം 3

പാരംദിവ്യമതായുയൎന്നനിലയിൽ
കാണുംകവിസ്ഥാനമി-
ന്നാരുംഹന്തകൊതിച്ചുപോമതിലൊരാ
ളല്ലാതനേകംജനം
ചാരത്തെങ്കിലുമെത്തുമോ? രവിസുതൻ
കോടിക്കുമേൽവാനര-
ന്മാരേവിട്ടതിലാരുമാരുതിയൊഴി-
ച്ചംഭോധിലംഘിച്ചവൻ? 4

ചൊല്ലേറുംപവനാത്മജന്റെയൊരുമി-
ച്ചാരാഞ്ഞുഴന്നുള്ളപോ-
രെല്ലാരുംഭുവികേളികേട്ടപരമാ-
വീരന്റെയത്നത്തിനാൽ
കില്ലററിന്നൊരുവൻപുകഴ്ന്നകവിയായ്
ത്തീരുമ്പൊളായാംവഴി-
ക്കുല്ലാസാൽ ബഹുമാനമേല്ക്കുമവനോ-
ടൊന്നിച്ചുചേരുംജനം 5

മനക്കുരുന്നിൽകവിയായിവന്നിടാ-
നിനിക്കുമോഹംചെറുതല്ലിതിന്നുഞാൻ
നിനച്ചുകാലംകളയുന്നതെന്തിനീ-
മനോരഥത്താലൊരുകാൎയ്യമാകുമോ? 6

ദൈവപൌരുഷാദിഗുണങ്ങളെല്ലാമിട-
ത്തൊന്നിച്ചുകൂടീടിലേ-
കൈവന്നീടുമന്നുകാൎയ്യമതിനി
ല്ലൊട്ടുംവികല്പംദൃഢം
ഭവ്യത്വംപുരുഷപ്രയത്നഫലമാ
ന്നല്ലാതെപ്പോഴുംപൌരുഷവും
ദിവ്യശ്രീവിതരുന്നതന്നമതിനാൽ
യത്നംപ്രമാണംനൃണാം 7

പരംപ്രയത്നംപരിചോടുചെയ്യിലോ
തരത്തിലാകും ഫലകാൎയ്യമാകയാൽ
പെരുത്തുയത്നംതുടരുന്നതുണ്ടുഞാൻ
കരുത്തെടുത്തിന്നുമതല്ലനിശ്ചയം. 8

ദൈവങ്ങൾക്കതിയായ്നമിച്ചുതുടരും
കാൎയ്യങ്ങളെല്ലാംസദാ
നിൎവ്വിഘ്നംസഫലങ്ങളായിവരുമെ-
ന്നോതുന്നുവിദ്വജ്ജനം
ഭവ്യത്വംകവിതയ്ക്കുകൂടിവരുവാൻ
ദൈവാനുകൂല്യംപരം
സൎവ്വൎക്കുംശരിയായിവേണമതിനാ-
യാദ്യംപ്രയത്നിക്കണം. 9

---

വാണീദേവിഗണാധിപൻഗുണമെഴും
വാല്മീകിയോഗീശ്വരൻ
സ്ഥാണുശ്രീപതിയെന്നതൊട്ടുപലരെ-
ക്കൈക്കൂപ്പിനിന്നാദരാൽ

വാണീധോരണിവേണമെന്നുനിതരാം
മത്ഥിച്ചുകൊള്ളുകെന്നുഞാൻ
കാണുന്നുകവിവീരരിട്ടനിയമം
സർവ്വത്രകാവ്യങ്ങളിൽ 10

വീണാവേണുമൃദംഗതന്ത്രമിവതൊ
ട്ടോരോന്നുകൂടാതെക–
ണ്ടാണായേതുകവീന്ദ്രനാണുകവിത
കളുദ്യോഗമാർന്നുള്ളവൻ
കാണുന്നുകവിതകൾമുമ്പിലിവയും–
മന്ദസ്മിതംകണ്ണിണ–
ക്കൊണ്ടുംനൽകവികുഞ്ജരക്കുകവനം
നന്നായിവന്നീടുവാൻ 11

കൂപ്പുന്നുപണിയുന്നമന്ദഹസിതം
കാണുന്നുകണ്ണിൻമുന–
ക്കൊപ്പുംഭാവവിലാസവുംകവിവര–
ന്മാരങ്ങുമുമ്പിൽസദാ
അപ്പംനല്ലവിലുംകരിമ്പുഗുളവും
പാല്പായസംതേനുമ–
ങ്ങെപ്പോഴുംസരസംകവീന്ദ്രരൊരുപോൽ
നൽകുന്നുലോഭംവിനാ 12

എന്നാലീക്രമമാചരിച്ചിവിടെഞാ–
നൊന്നല്ലനേകംദിനം
നന്നായ്ക്കൂപ്പിവിളിച്ചുനോക്കിയതിലെൻ
ശ്രേഷ്ഠമ്മശക്ത്യാദൃഢം

വന്നില്ലീയിവരാരുമേചെറിയതാം
നോട്ടത്തെയെന്നാകിലും
തന്നില്ലിങ്ങതിനാലിനിക്കകവിയാ-
യാടീടുവാൻദുർഘടം 13

---

സാരസ്യംകവിതക്കുകൂടിവരുവാ-
നത്യാശയുണ്ടാകയാൽ
താരുണ്യംതിരളുന്നൊരെന്നെയുമെട്ടു-
ത്തീയാലംവിഴുങ്ങീടുമോ?
നീരോലും-പരിശുദ്ധിയില്ല,വസതി-
ക്കെന്നൊക്കെയോർത്താപരം
കാരുണ്യത്തൊടുനാവിലേറിവിഹരി-
ച്ചീടാത്തതാഭാരതീ? 14

വാണീദേവികനിഞ്ഞണഞ്ഞുരസനാ-
രംഗേരസിച്ചെപ്പൊഴും
വാണീടുന്നതുപത്മയോനിയരുതെ-
ന്നോറംവിരോധിച്ചിതോ?
നാണിച്ചോ? മധുവാണിയാളസുഖമാം
ജിഹ്വാഗ്രവാസത്തിനാൽ
ക്ഷീണിച്ചോ? വരമേകിടാതമരുവാ-
നെന്തെന്നറിഞ്ഞീലഞാൻ 15

ഇപ്പാരിൽകവിതക്കൊരുങ്ങിവളരെ-
പ്പേരങ്ങുകൈക്കൂപ്പിനി-
ന്നൊപ്പംരാപ്പകലെന്നിയേമുറവിളി-
ച്ചാർത്തുകേഴുംവിധൌ

തപ്പിപ്പോകമസാദ്ധ്യമിത്തൊഴിലിതി-
ന്നെന്തൊന്നു ചെയ്യേണ്ടതെ-
ന്നോൎപ്പു വാടിവിധിപ്രിയകരതലകാ-
ണ്ടേതാറാം വെറുപ്പാൎന്നിതോ? 16

കഷ്ടം കേരളഭൂവിലില്ല കവിയെ-
ന്നോതീടുവാനാരുമെ-
ന്നിഷ്ടത്തിന്നൊരു പാത്രമാകുവതിനും
കണ്ടില്ലയെന്നോൎത്തുതാൻ
ദ്രുഷ്ട്യ പ്രാവീണയെടുത്തു വാണി സരസം
ഗാനങ്ങൾ പാടിപ്പരം
ശ്രേഷ്ഠം ഭൎത്തൃസമീപവാസവുമു-
ച്ചാഹന്ത വാഴുന്നിതോ? 17

തുഞ്ചൻ കുഞ്ചനിവൎക്കു പണ്ടടിമയായ്
നമ്പൂരിലാളിക്കയാ-
ലഞ്ചാതേ ചെറ്റുമാനമാൎന്നു നൃപരും
സേവിച്ച വാഗീശ്വരീ
പഞ്ചപ്പാട്ടുകൾ പാടി മുൻകവിതയെ
ക്കൂട്ടും കവന്റും സദാ
വഞ്ചിക്കും കുടിലാത്മദുഷ്ടകവികളെ-
ക്കാണാതെ പാൎക്കുന്നിതോ? 18

---

പ്രീത്യാ പാല്പായസം നൻമധുഗുളമിളനീർ-
മോദകം തൊട്ടതെല്ലാം
നിത്യം മൂക്കോളമുണ്ണും ഗണപതിഭഗവാൻ
പൊണ്ണനുണ്ണാൻ മിടുക്കൻ

പ്രത്യക്ഷം വന്നുവിഘ്നം സകലവുമുടനേ
നീക്കിയെൻമോഹമെല്ലാം
പ്രത്യക്ഷം സാദ്ധ്യമാക്കിത്തരുവതിനവരാ-
താകുവാനെന്തുബന്ധം? 19

കണ്ണിൽക്കണ്ടവർനൽകിടുന്നവിൽമല-
ർത്തത്തും പഴംതേങ്ങയും
പൊണ്ണന്മാർതിന്നുതുടിച്ചു തൂങ്ങിവയറും
ദേഹംകനത്തിട്ടുതാൻ
മണ്ണിൽത്തന്നെപടിഞ്ഞിരുന്നുപെരുതാം
ദേഹംവഴങ്ങാതെനാ-
ളെണ്ണിക്കൊണ്ടുഫലങ്ങൾകാട്ടിമലപോ-
ലെങ്ങാൻവസിക്കുന്നിതോ? 20

സാപ്പാടിൽക്കൊതികൊണ്ടനേകമധുര-
ദ്രവ്യർഭക്ഷ്യമുത്തിക്കൊഴു-
ത്തിപ്പോളീവയറിന്നുവന്നിതുമഹാ-
രോഗം പ്രമേഹം ദൃഢം;
തപ്പിത്തന്നുദരംതലോടിനിതരാം
നിശ്വാസമുറക്കൊണ്ടുതാ-
നെപ്പോഴുംബഹുനീരസംകവികളിൽ
തോന്നീട്ടുവാഴുന്നിതോ? 21

മോദമോടീറക്കണക്കവിട്ടുകവിവീര-
രേകുമമൃതോപമം
മോദകാദിബഹുഭക്ഷണംസുകൃതിതിന്നു
തിന്നുഗണനായകൻ

സ്വാദറിഞ്ഞുവയറുംനിറഞ്ഞുപരിതൃപ്തി-
യാർന്നുനിജമന്ദിരേ
മെത്തരാശയനിരുന്നിനിക്കുവരമേകി-
ടാതെമരുവുന്നിതോ? 22

---

വീണാവാണിസരസ്വതിക്കുമട്ടുപോൽ
വിഘ്നങ്ങൾതീർത്തീടുവാ-
നാണായുള്ളഗണേശ്വരന്നുമകമേ-
കാരുണ്യമില്ലെങ്കിലും
കാണിക്കുംകുറവില്ലമാമകമനോ-
മോഹത്തിനെന്തൊന്നുഞാൻ
കാണിക്കുംകമലാസനൻറവിധിയെ-
ന്താരുണ്ടതോതീടുവാൻ 23

---

പള്ളിക്കുറുപ്പുപകലൊക്കെയുമന്തിയായാൽ
പള്ളിക്കിടക്കയറുംരമയോടുകൂടി
വെള്ളത്തിൽവാഴുമവനെന്നുടെമോഹമെല്ലാ-
മുള്ളത്തിലെങ്ങിനെയറിഞ്ഞുവരംതരുന്നു 24

എപ്പോഴുംപതിവാണുറക്കമഥവാ
വല്ലപ്പൊഴെന്നാകിലും
സ്വല്പംകണ്ണുമിഴിച്ചുവെങ്കിലുടനേ
ഭൂദേവിമോദാന്വിതം
തല്പംതന്നിലിരുന്നുകാലുകൾതിരു-
മ്മിക്കൊണ്ടുറക്കീടുവാ-
നപ്പുമാത്തുമൊരുങ്ങിടുന്നുനിയതം
നിദ്രാണനെന്താവതും? 25

---

പൂമാതെന്നെയനുഗ്രഹിച്ചൊരുവരം
    തന്നാൽകവിസ്ഥാനമാ-
ന്നീമന്നിൽബഹുമാനമേററുസസുഖം
    വാഴാമിനിക്കെന്നുഞാൻ
ഹാമോഹംകരുതുന്നതില്ലിഹമഹാ-
    ലക്ഷ്മിക്കുറപ്പില്ലപോ-
ലാമോദംചിരമാരിലുംഭഗവതി-
    ക്കില്ലെന്നതേററംശ്രുതം 26

ത്രൈലോക്യത്തിനുനാഥനേകപുരുഷൻ
    നാരായണസ്വാമിയെ-
പ്പോലുംപുല്ലിനുതുല്യമെന്നുകരുതി-
    ത്താന്തോന്നിയായിസ്സദാ
പാലാഴിത്തറവാടുവിട്ടുധരണീ
    പാതാളനാകങ്ങളിൽ
ജാലംകാട്ടിയലഞ്ഞിടുന്നരമയി-
    ന്നെന്നെസ്സഹായിക്കുമോ? 27

ശ്രീയുംശ്രീധരനുംകനിഞ്ഞൊരണുവും
    ചെയ്യില്ലസാഹായ്യമെ-
ന്നായാലുംഹരനുണ്ടുകണ്ടിതമിനി-
    ക്കില്ലെന്നദുർമ്മോഹവും
മായുന്നുണ്ടുമനോഭവാരിചരിതം
    ഹൃത്താരിലോർത്താലിനി-
ക്കീയാളെങ്ങിനെനൽകിടുന്നുവരമെ-
    ന്നത്യാർത്തിയേൽക്കുന്നുഞാൻ 28

തക്കൊന്നില്ലാഞ്ഞുതൈലംതലമുടിമുഴവൻ
കട്ടയാണങ്ങേട്ടപ്പാ-
നോക്കുന്നത്തുതോലാണവസതിയഹോ
ശൈലമാണില്ലവാദം
ദിക്കെങ്ങുംഭിക്ഷതെണ്ടിക്കഴിയണമതിനാൽ
നല്ലിരപ്പാളിയാകും
മുക്കണ്ണൻ,രാജരാജപ്രിയസഖി,വരമൊ-
ന്നേകുവാനർഹനാമോ? 29

ആണുംപെണ്ണുമതല്ലപാതിപുരുഷൻ
മറ്റേതുസീമന്തിനി
കാണുന്നുണ്ടളികത്തിലഗ്നിതലയിൽ
കീലാലവുംശീതളം
പാണിദ്വന്ദ്വമതിൽഫണീഗരളവും
കണ്ഠത്തിലേവംവിധം
കാണുംഭൂതമഭൂതപൂർവ്വമതിനി-
ക്കെന്തൊന്നുചെയ്യുന്നതും? 30

---

ശർവ്വാണിക്കൊരുലേശമില്ലകരളിൽ
കാരുണ്യ,മുണ്ടെങ്കിലോ
സർവ്വേശന്റെ ശരീരമങ്ങുവിഭജി-
ച്ചായമ്മവാങ്ങീടുമോ?
സർവ്വപ്രാണധനേശ്വരൻപ്രിയതമൻ
ഭർത്താവവന്നപ്രിയം
ഗർവ്വാൽസ്ത്രീകളിലാരുചെയ്യുമിതുപോൽ
രുദ്രാണിയല്ലാതൊരാളും? 31

---

കാളിക്കാഹന്തക്രൂട്ടംകഠിനതകരളിൽ
    കാന്തയല്ലൊന്നുകണ്ടാൽ
കാളിപ്പോകുംഹൃദന്തം,പ്രമദയവളഹോ,
    രൌദ്രയാണില്ലവാദം
കേളിക്കൊക്കുന്നവേഷംകളകളനിനദം
    ഞെട്ടുമാറട്ടഹാസം
വാളുംചേരുന്നകാളിത്തരുണിവരമിനി-
    ക്കേകുമെന്നോർത്തിടാമോ? 32

---

ഇക്കാലംകലികാലമെന്നുകരുതി-
    പ്പൌരാണികാചാൎയ്യരാം
ചൊൽക്കൊള്ളുംമുനിമാരൊളിച്ചുമലയിൽ
    പാൎക്കുന്നുനിസ്സംശയം
പൊക്കംനമ്മുടെകാൎയ്യമൊന്നുമവരാ-
    ലാകില്ലയെന്നാലുമെ-
ന്നുൾക്കാമ്പിൽകവിയാകുവാൻകരകവി-
    ഞ്ഞെത്തുന്നുമോഹംസദാ 33

ദൈവങ്ങൾക്കൊരുതുള്ളിപോലുമിവനിൽ
    കാരുണ്യമില്ലദ്രിയെ-
സ്സേവിക്കുന്നപരാശരാത്മജമുഖ-
    ന്മാരാകുമാചാൎയ്യരും
കൈവന്നീടുകയില്ലകാമമതിനാൽ
    ക്ലേശിച്ചിരിക്കാതെഞാ-
നാവുംപോലെപരിശ്രമിച്ചൊരുവിധം
    കാൎയ്യംനടത്തീടുവൻ 34

---

കാണുന്നുണ്ടിഹകേരളത്തിലധുനാ,
പുത്തൻമഴക്കെണ്ടുമേ
കാണും,പാററകൾപോലനേകകവിതാ-
ക്കാരങ്ങുപൊങ്ങുന്നതും
വാണിക്കില്ലഗുണങ്ങളെങ്കിലുമവ-
ക്കൊപ്പംതെളിഞ്ഞീടുവാൻ
കാണിക്കുംകുറവില്ലിനിക്കുവിരുതു-
ണ്ടെന്നൊന്നുകാണിച്ചിടാം 35

---

ഒട്ടുംദൈവസഹായമില്ലതുനിന-
ച്ചാഹന്തകൂസാതെഞാൻ
കാട്ടാംചെപ്പടിവിദ്യയൊന്നിവിടെയി-
ട്ടെല്ലാംമിരട്ടാംദൃഢം
തട്ടിപ്പുംചിലകയ്യടക്കവുമഹോ-
കൺകെട്ടുമല്പംപഠി-
ച്ചോട്ടേറെക്കവിവീരരിങ്ങുനിയതം
വാഴുന്നുഗർവ്വാന്വിതം. 36

ഏറെക്കാലമിരുന്നുഞാൻകവികളെ-
ക്കാണാതെയിന്നാളഹോ
കൂറോടുംകവനങ്ങളൊന്നിലധികം
നോക്കിക്കുറിച്ചീടിനേൻ
നൂറോളം‘കവിജാല’മുള്ളവകളിൽ
കാലംശമെന്നാകിലും
തേറീടുന്നവനാണുനല്ലകവിയെ-
ന്നേതാണ്ടറിഞ്ഞീടിനേൻ 37

ഓരോരോതരമായനേകതൊഴിലു-
ണ്ടിപ്പാരിലോരോന്നിലും
ചേരുംസൂത്രമനേകമുണ്ടതൊഴിലി-
ന്നുണ്ടേറെഗോപ്യങ്ങളും
നേരെസ്സൂത്രരഹസ്യമൊക്കെയറിയും
മൎത്ത്യൻമഹാകേമനാ-
മോരോന്നൊക്കെയറിഞ്ഞിടുന്നവനുമാ
ക്കൂട്ടത്തിലാകുംദൃഢം 38

ന്നൂറോളംകവിജാലമുണ്ടതിന്നുമേൽ
കാണുംരഹസ്യങ്ങളും,
ക്കൂറീടാമതിലൊന്നുരണ്ടിവിടെഞാ
നല്ലാതെയെല്ലാമഹം
തേറുന്നില്ലറിയുന്നതൊക്കെയിവിടെ-
ച്ചൊല്ലില്ലചൊല്ലീടുകിൽ
ച്ചീറിക്കൊണ്ടുകവീന്ദ്രരെത്തുമരിക
ത്താക്രോശനാൎത്ഥംദ്രുതം. 39

---

അപാദമൂൎദ്ധമതികോമളമായുരച്ചു
ഗോപിച്ചിടാതെമുഴുവൻവിവരിച്ചുഭംഗ്യാ
സോപാനമേറുകകവീന്ദ്രപദംലഭിപ്പാ-
നാപത്തൊഴിഞ്ഞവഴിയാണിതുനിശ്ചയംതാൻ 40

മനുജവൃഷഭമെന്നോമൎത്ത്യശാൎദ്ദൂലമെന്നോ
വനമൃഗപതിയെന്നോമൎത്ത്യമാതംഗമെന്നോ
മനസിജസമനെന്നോയക്ഷരാളിന്ദ്രനെന്നോ
കനിവിനുകുറവില്ലാതോതുകെല്ലാരെയുംതാൻ 41

രാജാധിരാജരഘു വീരസമാനനെന്നോ
രാജീവലോചനപരാക്രമശാലിയെന്നോ
തേജോജ്വലൽദ്യുമണിതന്നവതാരമെന്നോ
വ്യാജങ്ങളീവകയുരക്കുകരാജകാര്യേ 42

---

രണ്ടാളില്ലിഹഭൂതലത്തിലൊരുപോ
　　ലംഗങ്ങളൊത്തേകനേ-
ക്കണ്ടാൽമററവനെന്നുറച്ചുപറവാൻ
　　സാമ്യംതികഞ്ഞങ്ങുമേ
കണ്ടാലുംകരകൌശലംകമലജൻ
　　സൃഷ്ടിച്ചജന്തുക്കളിൽ
കണ്ടോളംവടിവൊത്തുരണ്ടിതുവരെ
　　ക്കണ്ടില്ലകാണില്ലപോൽ 43

എന്തുഹന്തകമലാസനന്റെകരകൌശ
　　ലംപരമവിസ്മയം
ജന്തുവർഗ്ഗമതിലില്ലതുല്യതതികഞ്ഞ
　　ജന്തുയുഗമെന്നതും
അന്തരം തരുനിരക്കുപോലുമുളവാക്കി
　　ട്ടന്നുവിധിയന്നമാ-
ന്നെന്തുചന്തമതിനെന്തുബന്ധമിതിചിന്ത
　　യാൻമരുവുന്നുഞാൻ 44

എല്ലാമേകമയംമനോഹരമൊരേ
　　രൂപംപുമാൻനാരിയെ-
ന്നല്ലാതില്ലൊരുഭേദമത്രകവിതാ
　　പാത്രങ്ങളെല്ലാംസമം

വല്ലാതെന്തിനനേകരൂപനിറമാം
വ്യത്യാസമെല്ലാരെയും
ചൊല്ലേറും കവിയെത്തുല്യനിലയിൽ
കാണുന്നു ഭേദം വിനാ 45

അന്യോന്യം ലവലേശമെങ്കിലുമഹോ
വ്യത്യാസമില്ലാതെ ക-
ണ്ടന്യൂനാകൃതിയുള്ള നേകപുരുഷ
സ്ത്രീസൃഷ്ടി ചെയ്തീടുവാൻ
മാന്യശ്രീകവികൾക്കൊഴിഞ്ഞു വിധിയാ-
ലാകില്ലയന്ത്രപ്പണി-
ക്കന്യൈക്കെത്തൊഴിലിന്നനേകമൊരുപോ-
ലാക്കാൻ കഴിഞ്ഞീടുമോ? 46

ജാലക്കാർ പലചെപ്പുപന്തുകരുവും
കൊക്കെല്ലുപല്ലും പരം
കോലും സഞ്ചിയിലിട്ടു കൊണ്ടു പലതും
ജാലങ്ങൾ കാട്ടും വിധം
ചേലേറും ചില പുഷ്പപക്ഷിമൃഗമെ-
ന്നേവം പദാർത്ഥങ്ങളെ-
ക്കാലേക്കൂട്ടിയൊരുക്കിടും കവികളും
ജാലങ്ങൾ കാട്ടീടുവാൻ 47

മാനും സിംഹവുമാനയും, പുലികളും,
കീരങ്ങളന്നങ്ങളും
മീനും വിദ്രുമമൌക്തികം, സരസിജം
തേനും സുധാക്ഷീരവും

മാനത്തുള്ള ശശാങ്കമേഘപടവം
ദേവേന്ദ്രനിന്ദ്രായുധം
നൂനംവേണമിതൊക്കയും പലതരം
ജാലങ്ങൾകാട്ടീടുവാൻ 48

---

മാനിൻകണ്ണുകൾമാനിനീനയനമാം
നോട്ടംകടാക്ഷങ്ങളാ-
മാനന്ദംവരുമാറിണക്കമെഴകും
മാനിന്റെശാന്തതവും
നൂനംലാളനചെയ്വതിന്നുനിതരാം
നാരിക്കുചേരേണ്ടതാം
മാനിക്കുന്നിതുമാനിനെക്കവികളീ-
നാനാഗുണംകാൺകയാൽ 49

---

സിംഹത്തിന്നതിശക്തിയുംമൃഗപതി-
സ്ഥാനംസുഗാംഭീര്യവും
സംഹാരത്തിലതീവശൌര്യഗുണവും
മാഹാത്മ്യവുംകാൺകയാൽ
മോഹിക്കുന്നുമൃഗേന്ദ്രനെക്കവികുലം
മർത്ത്യർക്കുസാമ്യത്തിനാ-
യോഹോപൂരുഷരേഹരിക്കുസമരെ
ന്നോത്തുന്നുകാവ്യങ്ങളിൽ 50

---

ആനക്കെന്തൊരുചന്തമാണുകരിയെ
ക്കൊണ്ടേറ്റുകാര്യംതുലോം
മാനിക്കുന്നതുമെന്തിനീക്കരികളേ
പ്രായേണകാവ്യങ്ങളിൽ

വാനോർകോന്നുടെമുഖ്യവാഹനമതെ-
ന്നോർത്താഗണേശനുന-
ല്ലാനനംവരുവാനെള്ളപ്പവഴിയെ-
ന്നോർത്താമുറക്കല്ലപോൽ 51

കരിവരകരമാക്കാംനാരിതന്നുരുകാണ്ഡം
ഹരിയുടെകരമേൽക്കുംമസ്തകംകൊങ്കയാക്കാം
കരികരവരലീലാവേണ്ടടിക്കിങ്കലാക്കാം
പരിമിഴിനടയാക്കാംവാരണത്തിൻനടപ്പും 52

കണ്ടാൽകണ്ണുകുളുർത്തിടുംരസമെഴും
രോമാഞ്ചമുണ്ടാക്കിടും
വേണ്ടോളംമിനുസംകലർന്നുതണു-
ത്തെന്നുംമനോമോഹനം
കണ്ടോളംകരിപോലെകണ്ടകസമം
കാണുന്നതുമ്പിക്കരം
പണ്ടേതോകവിചൊൽകയാൽതുടകളെ
ക്കാളുംമനോജ്ഞംസദാ 53

---

പങ്കേരുഹംബഹുവിശേഷപദാർത്ഥമൊട്ടും
ശങ്കിക്കവേണ്ടകരുവാംകവികൾക്കുനിത്യം
കൺകെട്ടുവിദ്യപലതുംസരസീരുഹത്തെ-
പ്പങ്കിട്ടുകൊണ്ടുകവികാട്ടിമയക്കിടുന്നു 54

ശ്രീദേവിക്കൊരാസനംവരനുതൻ
പാണിക്കലങ്കാരമാ-
ണാദേവനതുപൊക്കിളിന്നഴകുമാ-
ണമ്പാണുപോൽപുത്രനും

---

55 വരൻ-വിഷ്ണു-പുത്രൻ-കാമദേവൻ.

ആദിത്യന്നതുകണ്ണിലുണ്ണിയജനെ
പ്പെറേറാരുനല്ലമ്മയാം
വാദത്തിന്നവകാശമില്ലനളിനം
ലോകേശനുള്ളാസനം 55

വിലാസവിളഭൂമിയാംവദനമാണുപങ്കേരുഹം
വിലോലരസഭാജനംനയനമാകുമിന്ദീവരം
വിലോകനസുഖാസ്പദംമുലകളബ്ജമൊട്ടാണഹോ
വിലക്കൊരതിരില്ലപോൽകമലമത്രദിവ്യാത്ഭുതം 56

കരചരണരുചിക്കാപ്പങ്കജംശോഭയേകും
വരയുവതിശരീരം സാരസപ്പൂമണക്കും
സ്മരശരവശരായോരബ്ജപത്രേശയിക്കും
ഹരഹരശിവശംഭോസാരസംസാരമത്രെ. 57

ശൃംഗാരാദിരസംവിളഞ്ഞുവിളയാ-
ടീടുംമനോമോഹനം
രംഗംവക്ത്രമതാത്മഭൂജനനിയോ-
ടൊക്കില്ലയെന്നോതിനാൻ
തുംഗശ്രീകലരുംകവീന്ദ്രനതിനാൽ
വക്ത്രത്തെയെല്ലാവരും
ഭംഗിക്കാക്കമലാലയാസനമതെ-
ന്നോതുന്നതാണംവിനാ 58

---

55 അജൻ—ജനനമില്ലാത്തവൻ; ബ്രഹ്മാവ്. ലോകേശൻ—ബ്രഹ്മാവ്.

56 വിലാസം—സ്ത്രീശൃംഗാരചേഷ്ടാവിശേഷം. രസഭാജനം—നവരസങ്ങൾക്കിരിപ്പിടം.

58 ആത്മഭൂ—ബ്രഹ്മാവ്. ജനനി—താമര. കമലാലയാസനം—ലക്ഷ്മീദേവിയുടെ ആസനം—താമര.

കീരങ്ങൾക്കുള്ള കൊക്കാണവനിയിലബലാ-
ക്കുള്ള മൂക്കെന്തുകഷ്ടം
പോരെങ്കിൽ പൂച്ചപൂച്ചായിതി കളിപറയും
പോലെയോതുന്നദോഷം
ശാരീരം ശാരികക്കും, ഹരഹരശിവനേ,
നാരിമാൎക്കും സമം പോ-
ലാരും ശങ്കിച്ചിടേണ്ടാ കവിവരവിധിയാ-
ണോൎക്കിലപ്പീലുമില്ലാ 59

---

വിക്കിക്കൊഞ്ഞിക്കഥിക്കും മഹിളകളവനീ-
മണ്ഡലത്തിങ്കലുണ്ടോ?
ധിക്കാരാൽ മൎമ്മവിച്ഛേദനകഠിനവച-
സ്സോതുമോ മംഗലാംഗീ?
വാക്കിൻ മാധുൎയ്യമോൎത്താലധരിതമധുവെ-
ന്നോൎത്തുപോം മട്ടിലല്ലാ-
തോക്കേല്ക്കില്ലില്ലയെങ്ങും മഹിളകളിലൊരാ-
ളെങ്കിലും ശങ്ക വേണ്ടാ 60

---

മറവുള്ള വക്കുമിതു പോലെ മഹാവിശേഷം
പറവുന്നതുണ്ടവയെടുത്തു പറഞ്ഞിടുമ്പോൾ
അറാം വരില്ലതു നിനച്ചതു മാറി വെച്ചു
മറവുള്ള സൂത്രമുരചെയ്യുവനത്രമാത്രം 61

---

59 ശാരീരം—ശബ്ദം.

60 അധരിതമധു—മധുവിനെ നിസ്സാരമാക്കിത്തീൎക്കുന്നതു.

കാളമേഘമളിപാളിനല്ലിരുളിതൊക്കെ
　　യങ്ങുകവിമായയാൽ
കേളികോലുമളകങ്ങളാംതദനുകുന്തളം
　　മൃദുലകോമളം
നീളെനീളെനിടിലത്തിനൊത്തതുസുധാംശു
　　തന്റെകലയാണുപോൽ
വാളുപോലെയുലയുന്നനൽപുരികമാണ-
　　നംഗനശരാസനം 62

---

വട്ടക്കണ്ണില്ലകോങ്കൺതുറുതുറുനയനം
　　ചിമ്മുചിമ്മെന്നകണ്ണും
പൊട്ടക്കണ്ണുന്തുകണ്ണുംപുളിയിലനയനം
　　മങ്ക്റയുംകുണ്ടുകണ്ണും
നാട്ടിൽകാണുന്നനാനാവിധനയനചയം
　　നാട്ടുകാക്കാക്കുമേതാ-
നൊട്ടുംകാട്ടാതെമൂടിസ്സരസിജദളമാ
　　ണെന്നുകാണിച്ചിടേണം 63

---

രണ്ടായ്മുറിഞ്ഞുനടുവൊന്നുകുഴിഞ്ഞുകാണും
ചുണ്ടില്ലയിത്രിഭുവനത്തിലൊരാൾക്കുപോലും
കണ്ടാലറക്കുമൊരുജാതിപരുത്തചുണ്ട്-
ഉണ്ടാകുമോ? മഹിളമാക്കുമഹീതലത്തിൽ 64

വള്ളത്തിലുണ്ടാംപുഴുപോലെകോമളം
ജളൂകമെന്നോണമതീവമഞ്ജുളം

---

65 ജളൂകം — അട്ട.

പിളൎന്നുകൊണ്ടൊന്നുമലൎന്നമോഹനം
വിളങ്ങിടും ചുണ്ടുലകത്തിലില്ലപോൽ 65

പ്രവാളരുചിരാധരം തളിരിനൊത്തദന്താംബരം
പ്രവൃദ്ധമധുരാധരം സുധനിറഞ്ഞദന്തച്ഛദം
പ്രവീണകവികൌശലാൽകവനകേളിരംഗാന്തര-
പ്രവേശനസുവേഷമീവിധമതാണു ചുണ്ടിന്നുപോൽ

---

കൊന്ത്രംപല്ലുതുടങ്ങിയുള്ളതഖിലം
നോക്കിക്കവീന്ദ്രൻപരം
തന്ത്രംകൊണ്ടതുമുല്ലമൊട്ടിനുസമം
മാറവുന്നകോട്ടംവിനാ
യന്ത്രത്തിൽപണിതീൎത്തപോലെവരിയൊ-
ത്തുള്ളോരുദന്താവരാൻ
മന്ത്രംപണ്ടുരചെയ്തുപോലൊരുകവി
ശ്രേഷ്ഠൻമഹാബുദ്ധിമാൻ 67

---

പത്തിക്കീറവുകണക്കരോമമിയലും
പെണ്ണില്ലപോൽതാടിക-
ണ്ടൊത്തീടൊല്ലമുഹമ്മദീയനഥവാ
കോലാടതെന്നാരുമേ.
പുത്തൻതേന്മൊഴിമാൎക്കഹോമുകുരമാ-
ണെന്നുംകപോലസ്ഥലം
ചിത്തത്തിൽകരുതീടണംചിബുകവും
കണ്ണാടിയേക്കാൾവരം 68

---

68 മുകുരം — കണ്ണാടി. ചിബുകം — താടി.

അച്ചിങ്ങാകുസുമത്തിനോടുസദൃശം
മീശകളൊന്നില്ലപോൽ
പച്ചത്തേൻമൊഴിമാരിലാർക്കുമവിടം
നിസ്തുല്യചാമീകരം
മൊച്ചകളുള്ളമുഖങ്ങളാന്തമുഖവും
കാണ്മില്ലുലൂകാനനം
കച്ചേലുംഫലമാർക്കുചന്ദ്രനഥവാ
ഫുല്ലാബ്ജമാണാനനം 69

---

പത്തുമാസമൊരുപോലെതാനിടവിടാതെ
കണ്ടുകമലോത്ഭവൻ
ചിത്തമൊത്തുപണിചെയ്തുതീർത്തമുഖമൊന്നി
നൊന്നുസമമല്ലപോൽ
ചിത്രമത്രകവിസൃഷ്ടിചെയ്തമുഖമെന്തു
ചന്തമരനാഴിക-
ക്കെത്രപങ്കജശശാങ്കതുല്യവദനങ്ങ
ളാണുകവിതീർപ്പതും 70

കോടികോടിമുഖമാപ്രജാപതിചമച്ചി
ട്ടുന്നിതതിലൊന്നുമേ
കാടുവിട്ടുകവിതീർത്തകോമളമുഖത്തി
നോടുസമമല്ലതാൻ
കേടകന്നുസകലംതികഞ്ഞുമതിമോഹ
നംവദനപങ്കജം
മോടിയോടിഹചമപ്പതിന്നുകമലാസ
നന്നുതരമാകുമോ 71

---

69 അച്ചിങ്ങാ—പയറ്. ചാമീകരം—സ്വർണ്ണം. ഉലൂകൻ—കൂമൻ.
71 കാടുവിട്ടു—കേടുകൂടാതെ.

കഴുത്തിനും ശംഖിനുമുള്ള സാമ്യമോ-
ർത്തുഴന്നു ചിത്തഭ്രമമാർന്നിടേണ്ടതാൻ
പഴക്കമേറുന്ന കവീന്ദ്രഭാഷിതം
പിഴച്ചുപോമെന്നു നിനച്ചിടാവതോ? 72

---

ഇതെന്തു കഷ്ടം പടമുള്ള സർപ്പവും
ക്ഷിതീരുഹത്തിന്റെ പരുത്തശാഖയും
നതാംഗിമാർക്കുള്ള ഭുജദ്വയങ്ങളാ-
ണതിങ്കലാശങ്കയശേഷമില്ലപോൽ 73

---

സ്തനവർണ്ണനമുഖ്യമാണതിന്നാ-
ല്പനസങ്ങൾ ചുരക്കയെന്നികൃഷ്ടം
ക നക്കകാചലമുണ്ടുപണ്ടുപണ്ടേ
വനകുഞ്ജരകുംഭവും വിശേഷാൽ 74

പനക്കുമെന്നല്ലഥ തെങ്ങിനും പരം
കനത്തുതൂങ്ങുന്ന ഫലങ്ങളെന്തിനോ?
മനസ്സിടിഞ്ഞിട്ടഥ കുമ്പളങ്ങയെ-
ശ്ശനിക്കുനൽകുന്നിതു ബാധനീങ്ങുവാൻ 75

ഖരസോദരിതന്റെ കൈക്കങ്കമുന്നം
കരവാൾക്കിരയായ വർത്തമാനം
പരമാർത്ഥമറിഞ്ഞിടും കവീന്ദ്രൻ
പരമങ്ങിനെതീർക്കുമോ? കുചാഗ്രം 76

കടുക്കയില്ലാ കവികൾക്കു കടുക്കുമി-
ല്ലുടുത്തുവെങ്കായവുമില്ല നിശ്ചയം
പിടിച്ചുപൊന്തൻപഴമെന്നതിന്റെ മൂ-
ടത്തിട്ടുരത്തെറിയുന്നു നിത്യവും 77

ച്ചുകയിലഞെട്ടിപ്പിടിച്ചൊട്ടിച്ചെറിഞ്ഞി-
ട്ടകമതിലുള്ള വെറുപ്പുകാട്ടിയേററം
വികൃതതരാകൃതികണ്ടുകണ്ണടച്ചി-
ട്ടകമലരിൽകവിവിസ്മരിക്കുമെല്ലാം 78

പന്തൊപമ്പരവുംസരോജമുകുളം
    ചെപ്പുംപരംനാരിമാ-
രേന്തുന്നണ്ടകുടത്തെയും മലയെയും
    മാറത്തുകഷ്ടംസദാ
സന്താപത്തിനശാന്തിയോൎത്തവസരം
    നോക്കിപ്പൊതിക്കെട്ടഴി-
ച്ചുന്തമ്മോദമിയന്നുപൂരുഷനെഴും
    മാറത്തിറക്കുന്നപോൽ 79

---

പേഴപ്പൊലെവയറുള്ളൊരുപെണ്ണീ-
യാഴിചൂഴുമൊരുഭൂമിയിലില്ലാ
പാഴിലെന്തിനവഴക്കരയാലിൽ
വാഴുമായിലയതാണുദരംപോൽ 80

പിടിക്കുതുങ്ങുംപടിയായിനിശ്ചയം
മടിക്കുതുങ്ങുംവയറില്ലൊരാൾക്കുമേ
പിടിക്കൊതുങ്ങുംനടുവാണുനാരിമാ-
ൎക്കിടച്ചുപണ്ടേകവിവീരർവെച്ചതും 81

---

ചുണ്ടങ്ങക്കുസമാനപൃഷ്ഠമിയലും
    പെണ്ണില്ലഭൂമണ്ഡലേ
കണ്ടിട്ടില്ലനിതംബമൊട്ടിയവളെ
    പ്പാൎത്തട്ടിലെങ്ങുംദൃഢം

കണ്ഠിക്കൊരന്നിവേണിമാൎക്കുവലുതാ-
ണെന്നുംനിതംബം, കന-
ത്തുണ്ടാകുന്നിതവൎക്കുമന്ദഗമനം
മാതംഗയാനോപമം 82

---

ശരാസനംഹന്തവളച്ചുവെച്ചതോ
ശരിക്കുപൂജ്യംവലജംചമച്ചതോ
അരിഷ്ടജംഘായുഗമത്രനട്ടതോ
ധരിക്കചണ്ഡാതകകീഴിലില്ലപോൽ 83

ഹിരണ്യരംഭാതലകീഴിലായഹോ
നിരന്തരണ്ടെണ്ണമിണങ്ങിനില്പതും
വരാംഗിമാൎക്കുള്ളൊരധോംശുകംധരി-
ച്ചരക്കുകീഴിൽബെതകണ്ഠിടുന്നതാം 84

---

നിരുത്തിവെച്ചോരുമൃദംഗഭംഗിയാ-
ന്റാച്ചുകാണുന്നുടലില്ലൊരാൾക്കുമേ
മുറക്കുവക്രിച്ചുചുളിഞ്ഞവള്ളിയാ
ണറിഞ്ഞിടേണംമഹിളാകളേബരം 85

---

ധരാതലത്തിൽതടിയുള്ളപെൺകിടാ-
വൊരുത്തിയെന്നാകിലുമില്ലനിശ്ചയം
ശരീരമെന്നുംകൃശമാണുനാരിമാ-
ൎക്കുരസ്സിലാണാമിഷവൃദ്ധിയോൎക്കണം 86

---

83 വലജം=ആച്ച്. അരിഷ്ടം=കാക്ക. ചണ്ഡാതകം=സ്ത്രീകൾ അര മാത്രം മറക്കുന്ന വസ്ത്രം.

84 അധോംശുകം=ചണ്ഡാതകം.

കവൎത്തവൎണ്ണത്തിലൊരുത്തിയില്ലയെ-
ന്നറിഞ്ഞുകാൎത്തസ്വരവൎണ്ണമാക്കണം
മറക്കമിന്നൽകൊടിചെമ്പകത്തെയും
നിറത്തിനായിട്ടുവശപ്പെടുത്തണം- 87

---

അളിഞ്ഞനീററടക്കയോപുഴുത്തുചത്തജന്തുവോ
ഗളത്തിനുള്ളിലുള്ളതായൊരുത്തിക്കുപാലുമില്ലപോൽ-
കളേകതിയുത്ഭവിച്ചിട്ടാമുഖാന്തരത്തിലെപ്പൊഴും
വിളഞ്ഞിടുന്നദിവ്യമാംസുഗന്ധമായുമേവാക്കണം 88

---

അടുത്തുചെന്നുകൂടിയാലശിച്ചതുംകുടിച്ചതും
പിടഞ്ഞിടുംപുരീതലുംവമിച്ചുഴന്നിടുംവിധം
കടുത്തനാററമാൎന്നിടുംവിയൎപ്പുമുള്ളനാരിമാർ
ചെടായിചൊൽകയല്ലഞാൻധരാതലത്തിലില്ലപോൽ

കൎപ്പൂരംസുമനോംബുജംമലയജം
കൈനാറികൽഹാരവും
മുപ്പാരിൽപുകളാൎന്നെഴുംപരിമള
ദ്രവ്യങ്ങൾമററുള്ളതും
ചെപ്പേലുംമുലമാരെഴുന്നവയവാ
മോദത്തിനൊക്കില്ലപോ-
ലെപ്പോഴുംവനിതാശരീരമതിനു
ണ്ടത്തക്കെഴുംനന്മണം 90

---

89 പുരീതൽ=കടൽ.

MUL
095956

കന്നൽക്കണ്ണിനടന്നിടുന്നതു കണ്ട-
ക്കന്നംനടക്കുംസദാ
മന്നിങ്കൽപിടിയാനപോലെമടവാ-
രെന്നുംനടക്കുന്നപോൽ
കന്നത്തംപറയുന്നതല്ലരസിജ്ഞ-
ക്കന്നംചുമന്നത്ഭുതം
ചിന്നിച്ചീർത്തനിതംബഭാരവുമൊട്ടു-
ത്തോരാനമോടീടുമോ 91

---

ലാലാപിഞ്ജൂഷദൂഷികാകഫമയം
വക്ത്രംസുവർണ്ണോല്പലം
പാലുംതേനമൃതുംനിറഞ്ഞൊഴുകിടും
നക്ഷത്രരാജാവുമാം
ചാലേമാറിലുയർന്നിടുംമുഴകളോ
പൊന്താമരക്കോരകം
വേലേറുംകനകക്കുടോപമമുല-
ക്കെന്നെന്നുമോർത്തീടണം 92

---

കാമോദ്ദീപനകാരിയായഴകെഴും
നേത്രാന്തസംവീക്ഷണാൽ
വ്യാമോഹംപുരുഷർക്കുനിത്യമുളവാ-
ക്കീടാൻപ്രയത്നിച്ചഹോ
കാലംപോലധികാമശാസ്ത്രപഠനം
കൊണ്ടിങ്ങുകാലംകഴി-
ച്ചാമോദാൽമരുവുന്നനാരികളതെ-
ന്നെപ്പോഴുമോർത്തീടണം 93

---

92 ലാലം=ഉമിനീര്. പിഞ്ജൂഷം=പീള. ദൂഷിക=ചെപ്പി.

വാരിവാഹപടലത്തോടൊത്തുശശിമണ്ഡ
ലത്തിനെവഹിച്ചുകൊ-
ണ്ടൊരുപൎവ്വതനിതംബഭാരവുമെടുത്തു
ഭംഗിവിതറുന്നുവോ
ചാരുഗാത്രിയവളെന്തൊരത്ഭുതമഹോവ
പുസ്സുകുസുമോപമം
പൂരുഷക്കരസമാനന്ദതൃപ്തിനനൽകി
ടുന്നുകവിചൊൽകയാൽ 94

---

നാനാരൂപനിറത്തൊടുംകമലജൻ
സൃഷ്ടിച്ചമൎത്ത്യൎക്കെഴു-
ന്നൂനംതീൎന്നൊരുപോലെകോമളതരം
രൂപത്തിലാക്കിപ്പരം
ഗാനംചെയ്തുസമസ്തലക്ഷണയുത-
ന്മാരാക്കിവെച്ചേറവും
മാനംപൂണ്ടുവസിച്ചിടുന്നകവികൾ
ക്കാറായിരംകൈതൊഴാം. 95

---

നാരീവൎണ്ണനചെയ്തിതിന്നൊരുകവി
ശ്രേഷ്ഠൻമഹാനാമൊരാ-
ളാരോപണ്ടുചമച്ചൊരച്ചിൻസമം
മാറില്ലൊരച്ചങ്ങമേ.
പാരംനല്ലഴകൊട്ടറപ്പുമതിനു
ണ്ടപ്പോഴുമുണ്ടാകയാ-
ലാരുംതത്തനയന്ത്രമൊന്നിഹചമ
ച്ചീടാൻശ്രമിക്കായ്കയാം 96

---

94 വാരിവാഹപടലം=മേഘജാലം.

താരാസീതതിലോത്തമാകമലജാ
    ഭൈമീതിയോരോവിധം
പേരാളുന്നവരൊക്കയേകവടിവായ്
    നിൽക്കുന്നകാവ്യങ്ങളിൽ
പേരാൽമാത്രമവൎക്കുഭേദമവരെ
    പ്പോലുള്ള രൂപംധരി-
ച്ചാരാൽനൂതനനായികായുതവുമു-
    ണ്ടോൎത്താലിതത്യത്ഭുതം 97

---

ലാവണ്യംനവയൌവനംചതുരതാ
    സാരസ്യമാധുൎയ്യമെ-
ന്നേവംസൎവ്വഗുണംതികഞ്ഞുകവികൾ
    ക്കുണ്ടായകന്യാജനം
ദൈവപ്രാൎത്ഥനചെയ്തുകന്യകകളാ
    കൃസ്തീയകന്യാമഠേ
മേവുംപോലെയനംഗദേവഭജനാ
    കൎമ്മേററിരിക്കുന്നപോൽ 98

---

വേണ്ടുംരൂപഗുണംതികഞ്ഞൊരുഭുവനം
    കീഴ്മേൽമറിച്ചീടുവാൻ
പോന്നിടതാണൊരുപെണ്ണിനെക്കമലജൻ
    സൃഷ്ടിച്ചതെങ്ങാനതും
കണ്ടോളംകവിപുത്രിയാമൊരുവല്ലി
    ലോകംജയിക്കും പല-
ൎക്കുണ്ടാക്കുംവിഷമംകവീന്ദ്രരതിനാൽ
    ബ്രഹ്മാവിനുംമേലയാം 99

---

എല്ലാസ്ത്രീകളിലുംമികച്ചഗുണമാ-
ഒന്നല്ലാതികഞ്ഞുള്ളൊരീ
നല്ലാരിൻമണികൾക്കിണങ്ങിയവരേ
മാനിച്ചുലാളിച്ചുതാൻ
ചൊല്ലേറുംകവിതക്കൊരുങ്ങണമതെ
ന്നുള്ളിൽധരിച്ചോരുഞാൻ
ചൊല്ലീടാമവരാരവർക്കുതൊഴിലെ
ന്തെങ്ങാണിരിപ്പെന്നതും 100

---

നാലാളുണ്ടുകവിക്കുനന്ദിനികളായ്
പൂവേണി,കാർവ്വേണിയും,
ചേലേറുന്നളിവേണിയും,ലളിതയാം
നീലാളകക്കുട്ടിയും
മാലാമൌലികൾകുഞ്ചിതാഗ്രകൾകുതി
ക്കെത്തുന്നപൂങ്കുന്തളം
താലോലിച്ചഥകാമദേവനതഴ
ക്കായിട്ടുഴിക്കുന്നപോൽ 101

---

ഏണാക്ഷീമണി,പങ്കജാക്ഷിയുമഹോ,
മീനാക്ഷി,വാമാക്ഷിയും,
ചേണാർന്നീടിനചഞ്ചലാക്ഷി,ചടുലാ
കാമാക്ഷി,ദീർഘാക്ഷിയും,
നാണിക്കുംകവിപുത്രിമാരിവരൊരോ
രൂപംതരംദിക്കുമാ-
ന്നാണുങ്ങൾക്കുകടാക്ഷവീക്ഷണമവ
ച്ചുൾഭ്രാന്തിചേർക്കുന്നപോൽ 102

---

ബന്ധൂകാധരി, വിദ്രുമാധരി, മററം
കക്കുന്നബിംബാധരീ,
സന്ധ്യക്കൊത്തൊരുപാടലാധരി, പരം
കമ്രാംഗിതാമ്രാധരീ,
ബന്ധുക്കൾക്കന്നെരക്തമാരിവരഹൊ
മാററാക്കുകാട്ടാതെതാൻ
ബന്ധിക്കുന്നിതുമല്ലമൊട്ടുനിയതം
മാരന്നു ചൂടീടുവാൻ 103

---

മല്ലപ്പൂമധുശേഖരിച്ചമൃതവും
ഒന്നാകലന്നാദരാ-
ലല്ലിത്തൊർശരനകിട്ടുന്നിതതിനാൽ
തന്വംഗിയാൾക്കംഗജൻ
കില്ലെന്ന്യേമധുരാധരീതിയരിമ
പ്പേരിട്ടുപിന്നെക്രമാൽ
ചൊല്ലുന്നുണ്ടമൃതാധരീതിയിവളാ
ണത്രമനോഹാരിണി. 104

---

ഇക്കാണുന്നവരോടിണങ്ങിനിതരാം
ഗാനംനടത്തീടുവാൻ
നില്ക്കുന്നുമധുവാണി, വീണയുമെട്ട
ത്തേറുന്നതന്ത്രിസ്വനം
ചൊല്ലെഴുള്ളകിളിവാണിയെന്നവളഹൊ
താളംപിടിക്കുന്നുപോ-
ലുൾക്കമ്പിട്ടുമറിച്ചിടുന്നുസരസം
പാടിക്കുയിൽവാണിയും 105

---

പൂങ്കാവിലുണ്ടുകവിപുത്രികളായരണ്ടു
തങ്കക്കുടങ്ങളവരോമനമാർവിശേഷാൽ
പങ്കേരുഹാസ്ത്രനുപിടിച്ചവരാണവൎക്കു
ശങ്കിച്ചിടാതപരനാരികൾകീഴടങ്ങും. 106

താരമ്പൻവിജയീഭവിച്ചുവരുവാൻ
　　പാരംപ്രയത്നിച്ചുകൊ-
ണ്ടാരാമത്തിലിരുന്നസോദരികളേ
　　മാനിച്ചുലാളിച്ചുതാൻ
ചാരുശ്രീകലരുന്നചന്ദ്രമുഖിയെ-
　　ന്നുള്ളാവരാരോഹയാ-
ളാരോമൽഭഗിനീസരോജമുഖിയോ
　　ടൊന്നിച്ചുവാഴുന്നുപോൽ 107

---

സേവക്കായളിവേണിമാരൊടൊരുമി-
　　ച്ചഗ്രേകളിച്ചാദരാൽ
മേവുംതോരണഭംഗിചേൎത്തളകമാർ
　　ക്കുത്താടുമേണാക്ഷിമാർ
ഭാവാൽകമ്രകൾവിദ്രുമാധരികളും
　　മാധുൎയ്യസാരംവഹി-
ച്ചേവംനൽകിളിവാണിമാൎക്കരികിലായ്
　　നില്ക്കുംസദാകാലവും. 108

ഇക്കാണുംവനിതാജനത്തിനഖിലം
　　മേൽക്കോയ്മയായിസ്സദാ
നിൽക്കുന്നൂഗുണദോഷമോതിനിതരാം
　　ശോഭിച്ചുചന്ദ്രാനനാ

ദിക്കെങ്ങുംപുകളാന്നോരബ്ജമുഖിയോ-
ടൊന്നിച്ചുപൂങ്കാവിലീ
മയ്ക്കണ്ണാർമണിമാരെയൊക്കയുമഹോ
കാണാംതുറന്നെപ്പോഴും 109

പൂങ്കാവിലീക്കവികുമാരികളാത്തഗർവ്വാൽ
ഹുങ്കാരപൂർവ്വമൊരുമിച്ചതിശക്തിയാർന്നും
പങ്കേരുഹാസ്ത്രവിജയത്തിനുകച്ചകെട്ടി-
ട്ടങ്കംപൊരുന്നുപലരോടിടപെട്ടുനിത്യം 110

---

മുമ്പിൽകാണുന്നനാരീമണികളിലിളയോരം
പോരുമീവിശപമെല്ലാം
മുമ്പിട്ടാഹന്തവെൽവാനബലകളഖിലം
കൂടിയാലെന്തസാദ്ധ്യം
വമ്പാർന്നോരുണ്ടെതിർക്കുന്നബലകളിവരേ
വിക്രമിപ്പാനിവർക്കായ്
കമ്പിട്ടിട്ടാണുപോകുന്നതുഹരിസുതനെ-
ക്കാണുവാൻലോകരെല്ലാം 111

ധീരന്മാരിവരോടിടഞ്ഞുപലരും
തോററമ്പിയോരോവനേ
ദ്ദൂരെപ്പോയ്മുനിവേഷമാർന്നുശരണം
കാണാതെകേഴുന്നുപോൽ
പാരീരേഴിനുനാഥരാംഹരിഹര-
ബ്രഹ്മാക്കളെല്ലാവരും
നാരീമഞ്ജരിമാർക്കിണങ്ങിനിതരാം
കൈക്കൂപ്പിവാഴുന്നുപോൽ 112

എന്തിന്നീവിപരീതബുദ്ധിവെറുതേ
വൈരാഗ്യമെന്തിന്നു വാ-
നെന്തിന്നീയബലാവിരോധമിവരെ-
ക്കൈവിട്ടുകൊണ്ടാദരാൽ
സന്തോഷം,സുഖ,മെന്തചിന്ത്യപരമാ-
നന്ദംലഭിച്ചീടുവാൻ
ചന്തത്തിൽകവിതീർത്തനല്ലവഴിയിൽ
കൂടിഗ്ഗമിച്ചീടണം 113

---

ആരാമംബഹുമോഹനംകവിസുതാ
സാരസ്യവാസസ്ഥലം
നേരേലോചനഗോചരംസകൗതുകം
നോക്കിക്കടന്നീടുകിൽ
ചാരത്തുണ്ടൊരുകംബുകണ്ഠിമദന
സ്തോത്രാകപോതസ്വനാൽ
പൂരിക്കുന്നുദിഗന്തരാളമിവളാ
ണത്രേമഹാമോഹിനി 114

---

താരമ്പന്റെജയപ്രതാപമഹിമ
ശ്രീയാണ്ടപൂങ്കാവനാൽ
ദൂരംപോകിലൊരേനിരപ്പിലുയരും
നിസ്തുല്യമൈതാനമാം
നേരേഗോപുരയുഗ്മമുണ്ടതുമഹാ
മൈതാനസീമാവതാം
ചാരുശ്രീകവിപുത്രിമാരിവിടെയും
നില്പുണ്ടൊരഞ്ചാറുപേർ 115

പർവ്വതസ്തനി, പമ്പരസ്തനി, യു
ന്നതസ്തനിയും, പരം
ഗർവ്വെഴുന്നൊരുകോരകസ്തനി, മ
സ്തകസ്തനിമാനിനീ
സർവ്വലക്ഷണമാണ്ടെഴുംകുചകും
ഭയെന്നിവരാറുപേർ
നിർവ്വികാരമിരുന്നിടുംപൃഥുഗോ
പുരങ്ങളിലെപ്പൊഴും 116

വീരമാരവിപുലപ്രതാപമതുകാൺ
മതിന്നുപരമുന്നതം
ചാരുഗോപുരയുഗംവഴിക്കുകയറാതെ
കണ്ടുവഴിയില്ലപോൽ
നാരിമാരിഹതിരക്കുമീവഴിയടച്ചു
നിന്നവരെനീക്കുവാൻ
സാരമായകരമർദ്ദനംകവികുറിച്ചു
നല്ലൊരുമരുന്നുപോൽ 117

ചൊല്ലേറുംകുചകുംഭതൊട്ടുതരുണീ
വൃന്ദത്തിനേററംരസം
മല്ലപ്പോരിലുദിച്ചിടുന്നുനിതരാ-
മേൽക്കുന്നപോൽമർദ്ദനം
വല്ലാത്തുള്ളൊരുതള്ളലുംതരുണിമാ
ർക്കുള്ളൊരുകാഠിന്യവും
കില്ലന്യകരമർദ്ദനത്തിനുപമാ
ന്മാരെക്ഷണിക്കുന്നുപോൽ 118

കവിക്കുപണ്ടേതടവില്ലചൊല്ലുവാൻ
കവിഞ്ഞുപോയെന്നൊരുകുററമില്ലപോൽ
കവിപ്രവീണസ്ഥിതിവന്നുചേരുവാ-
നിവണ്ണഃമാത്രാതെനിവൎത്തിയില്ലപോൽ 119

---

മല്ലിട്ടീയിവരെജ്ജയിച്ചുവിടെനി
ന്നല്പംനട നീട്ടുകിൽ
ചൊല്ലുന്നതിസൂക്ഷ്മമായവഴിയുണ്ടാ
കാശസങ്കാശമായ്
മുല്ലമ്പന്നൊരുകോണിയായുതകിട്ടും
രോമാവലിപ്പേൺകിടാ-
വുല്ലാസാലുരഗോപമംവഴിതട്ടു
ത്താഹന്തനിൽക്കുന്നുപോൽ 120

രോമാവലിക്കനലമോടഥവന്ദനംചെ-
യ്താമോദപൂൎവ്വമതിനപ്പുറമങ്ങുചെന്നാൽ
കാമംമുഴുത്തുഴലുമാക്കവികൾക്കതീന്ന
രാമാസമൂഹമവിടത്തിലുമുണ്ടുകാണ്മാൻ 121

---

ശ്രോണീമണ്ഡല,പുണ്ഡരീകകടിയും,
ത്രൈലോക്യസമ്മോഹിനീ
നാണംകൂടിയകുംഭികുംഭജഘനാ,
രംഭോരു,രോമാഞ്ചദാ
കാണിക്കുംകുറവില്ലിവൎക്കിവരെയും
പൂജിച്ചുലാളിക്കയാ-
ലാണഃത്രകവികൾക്കൊരുന്നതപദം
സിദ്ധിച്ചുകൊഃള്ളുന്നതും 122

ചന്തംമുന്തിയപെൺകിടാങ്ങളെയഹോ
    കെട്ടിക്കൊട്ടുക്കാതെക-
ണ്ടന്തസ്സിൽപലമോട്ടിയിൽപലതരം
    വർണ്ണിച്ചുലാളിച്ചുതാൻ
സ്വാന്തത്തിൽക്കുടിവെച്ചുകൊണ്ടുകവിതാ
    രംഗത്തിലാടീട്ടുവാ-
നന്തിത്തള്ളിവലിച്ചിഴച്ചുകവികൾ
    ക്കാലസ്യമേറുന്നപോൽ 123

നൂറായിരത്തിലധികംകവനങ്ങളിൽചെ-
ന്നേറിക്കളിച്ചബലമാരഥലജ്ജവിട്ടാർ
ക്രൂരാൎന്നനേകകവികൾക്കുവശത്തിണങ്ങി
നീറിപ്പുകഞ്ഞുപരിശുദ്ധതയുംനശിച്ചു. 124

---

എന്നുംനാരികളെങ്ങുമീയവനിയിൽ
    കാന്തം,പുമാന്മാരിരു-
മെന്നുള്ളിൽകരുതിക്കവീന്ദ്രരബലാ
    ഗാത്രത്തെയത്യാദരാൽ
നന്നായൊന്നുതുടച്ചുമോഹനതരം
    രൂപത്തിലാക്കിത്തുറ-
ന്നൊന്നിച്ചത്ഭുതകാന്തിചേൎത്തുമനുജ-
    ൎക്കൾഭ്രാന്തിചേൎക്കുന്നപോൽ 125

---

താനോപെണ്ണണയുംസകാമയുവതീ
    സംയോഗസംഭൃതമാ-
മാനന്ദംസ്വയമാഗതംകവിതയും
    നൽകുന്നപോലാകയാൽ

ഊനംനാവിലുദിച്ചിട്ടുംപടികുറി-
ച്ചൊട്ടുംപ്രയത്നിച്ചിടാ-
താനന്ദിച്ചുചമച്ചിടാംകവിതയെ-
ന്നെപ്പോഴുമോൎത്തീടണം 126

---

വ്യാഖ്യാതാവറിയുന്നപോൽകവിതതൻ
സാരസ്യസാരംപരം
വിഖ്യാതൻകവിയായതൊട്ടുമറിയി-
ല്ലെന്നാണുചൊല്ലുന്നതും
പ്രഖ്യാതിക്കതിനാൽകവിക്കുകവിതാ
നിൎമ്മാണമൊന്നാണുപോൽ.
മുഖ്യംമററുഗുണാഗുണങ്ങളഖിലം
വ്യാഖ്യാനകൎത്താവിനാം 127

---

ആരാലുംപൊരുളോതുവാൻകഴികയി-
ല്ലൎത്ഥംകവിക്കുംപരം
നേരെചൊൽവതിനാകയില്ലൊരുവരും
വായിച്ചുനോക്കില്ലതാൻ
പേരാളുംകവനങ്ങളീവിധമഹോ
ധാരാളമുണ്ടാകയാ-
ലാരുംദോഷമുരക്കുകില്ലകവിത-
ക്കെന്നുള്ളതോൎത്തീടണം. 128

---

128 പൊരുൾ=അൎത്ഥം.

ആഭാസാപാമരരങ്ങുമിങ്ങുമുരിയാ-
    ടീടുന്നവാക്കൊക്കെയും
വാരിക്കോരിനിറച്ചുപച്ചമലയാ-
    ളത്തിൽചമച്ചത്ഭുതം
ചേരുംസൽകൃതിയെന്നുചേതുപറയും
    പുത്തൻപരിഷ്കാരമാ-
ന്നാരോഗ്യത്തിലിരുന്നിടുംകവിതയേ
    മാനിച്ചുകൊണ്ടീടണം 129

---

നാനാവൃത്തസമന്വിതംരസമെഴും
    പ്രാസാന്വിതംസംസ്കൃത-
ജ്ഞാനംകൊണ്ടുളവാമനേകതരമാം
    വാക്യപ്രയോഗാന്വിതം
താനോമറ്റൊരുമർത്ത്യനോപൊരുളര-
    ച്ചീടാൻകുഴങ്ങുംവിധം
ഗാനംചെയ്യില്ലതൊക്കെയുംകവിതയാ-
    മെന്നുള്ളതോർത്തീടണം 130

---

അംഗോപാംഗംവരാംഗംമദനപരവശാ-
    ലുള്ളഗോഷ്ഠിപ്രഭാവം
സംഗത്തിന്നുള്ളൊരുക്കംപ്രണയസുകൃതമാം
    കർമ്മമത്യന്തഗോപ്യം
ഭംഗംകൂടാതെസർവ്വംപലരസികപദം
    ചേർത്തുവർണ്ണിച്ചുകാട്ടും
ശൃംഗാരശ്ലോകകർത്താവവനെവനവനീ
    കേരളത്തിൽകവീന്ദ്രൻ 131

പൂവേണിതൊട്ടതരുണീമണിമാരെനിത്യം
സേവിച്ചിണക്കിയവരെസ്വവശാവരുത്തി
ദൈവങ്ങളെശ്ശരണമാണ്ടുകവീന്ദ്രജാല-
മാവോളമോൎത്തുകവനത്തിനൊരുങ്ങിടേണം 132

കേരളീയകവിവീരരിൽപലരുമീവ-
ഴിക്കുകവനംചമ-
ച്ചാര,വാരമൂളവാടിനല്ലപൂകളാൎന്നു-
കൊണ്ടുമരുവുന്നപോൽ
പോരുമീവഴിയെളുപ്പമാണുകവിയെന്ന
പേരുവരുവാനഹൊ
പാരമെന്തിനപരിശ്രമിച്ചുപുതുമാൎഗ്ഗ-
മൊന്നുകരുതുന്നതും 133

മുമ്പുള്ളവസ്ഥയൊരുദിക്കിലുമില്ലിദാനീം
സമ്പൂൎണ്ണമായിതുപരിഷ്കൃതരീതിയെങ്ങും
വമ്പാൎന്നനേകതരമാംപുതുമോടിയാൎന്നു
കമ്പിച്ചിട്ടുന്നുമലയാളമതീവചിത്രം 134

നായന്മാരെലിവാലിനൊത്തകുടുമ
ക്കെട്ടുംമുറിച്ചാനനം
തേയ്ക്കുംമാറനിശംവടിച്ചുസരസം
വായിൽചുരുട്ടേററിയും
ഞായംപോലെഥകോട്ടുചട്ടയിവതൊ-
ട്ടെല്ലാംധരിച്ചാദരാൽ
നായുംജായയുമൊത്തുകൈവടിയുമായ്
ലാത്തുന്നുനാട്ടിൽസദാ 135

133 ആരവാരം—ശബ്ദം

ഓലക്കുടക്കുപകരംഫന്നമൽകിരീടം
പോലുള്ളതൊപ്പിപലരുംതലയിൽധരിപ്പൂ
പാളപ്പൊതിക്കുപകരംസിഗറട്ടുമായീ
നീളെപ്പരന്നപുതുവേഷവുമെത്രചിത്രം 136

---

അർദ്ധംനഗ്നമതായിനേർത്തവസനം
മദ്ധ്യേധരിച്ചെപ്പൊഴും
മൂർദ്ധാവിങ്കലൊരാച്ചുപോലെവിലസും
ധമ്മില്ലഭാരാഞ്ചിതം
വൃദ്ധന്മാരുടെതോലുപോലെയുലയും
കാതിൽപെരുന്തോട്ടിയി-
ട്ടുദ്ധചാവിൽബതകണ്ടിരുന്നബലയെ
ക്കാണുന്നതില്ലെങ്ങുമേ 137

പണ്ടുള്ളാഭരണങ്ങളില്ലമുടിയും
കെട്ടുന്നതില്ലാവിധം
കണ്ഠത്തിന്നുചുവട്ടിലുള്ളവകളെ
ക്കാട്ടുന്നതില്ലാരുമേ
മുണ്ടിന്നുംഭ്രമമില്ലചുണ്ടിലധികം
രാഗംവരുത്തുന്നതിൽ
കുണ്ഠതചംലവലേശമില്ലമഹിളാ
വൃത്താന്തമിന്നീവിധം. 138

---

ബ്രൂച്ചെന്നുംപലമാലയെന്നമതുപോൽ
വൈരപ്പൊടിക്കമ്മലും
മെച്ചംകൊണ്ടുള്ളാവലിക്കടകവും
ജാക്കറ്റുപാവാടയും

പച്ചപ്പട്ടുടയാടദാവണികള-
ങ്ങൊസ്ഥ്രാണമെന്നീവിധം
പിച്ചുഭ്രാന്തുമുഴുത്തുയോഷകളഹോ
മാറുന്നുവേഷംപരം 139

ഈറ്റാടനംകണവനോടൊരുമിച്ചുവാസം
അറ്റുന്നവൃത്തിനിതരാമറിവെന്നിവണ്ണം
ഇറ്റിച്ചിടുന്നതരുണീജനമാകമാനം
പറ്റിപ്പതില്ലൊരുവരുംപുതുമോടിഭവ്യം 140

---

സംബന്ധംബലമായുറച്ചുചിലവി
ന്നേകേണമെന്നായിപോൽ
നിർബ്ബന്ധാതനയന്നുപാതിമുതലും
പങ്കിട്ടുനൽകീടണം
കിംബന്ധാപുനരൊന്നുമില്ലിതിപുരാ
കേട്ടോരുചോദ്യോത്തരം
“ബിംബിഷ്ട”ത്തിലൊളിച്ചുമുൻനടവടി-
കളണ്ടായിപോൽമാറാവും 141

---

നമ്പൂരാർക്കളവായിപോൽപലതരം
പുത്തൻപരിഷ്കാരമ-
ങ്ങേവാടായതുറച്ചുതില്പുപലരും
ശങ്കിച്ചുശങ്കിക്കയാൽ
കമ്പംപൂണ്ടുഴലുന്നിതെങ്കിലുമവ-
ക്കേത്താണിടിളക്കംമെന-
ക്കാമ്പിൽകാൺമതുമുൻനാടപ്പിന്നമഹാ-
നാശത്തിനെന്നാസ്സുതാ 142

---

ചോവന്മാരീഴവന്മാരവരുടെവഴിയാം
    തിയ്യരെന്നീവകക്കാർ
ശൈവക്ഷേത്രംചമച്ചാത്തൊഴിലുകളഖിലം
    വിട്ടുവൈദ്യംപഠിച്ചും
ഗീർവ്വാണംകയ്യുലാക്കിസ്സകലവിധപുരാ-
    ണങ്ങളുംപാഠമാക്കി-
ബ്ഭവ്യന്മാരായ്വസിക്കുന്നിതുഭുവനത്തിലെ
    കാലമാററംവിചിത്രം. 143

എപ്പോഴുംവയലിൽകിടന്നുവലയും
    സാധുപ്പുലക്കൂട്ടമു-
ണ്ടിപ്പാരിൽബതതാഴ്ന്നതായനിലവി-
    ട്ടൗന്നത്യമാർന്നീടുവാൻ
മുപ്പാരിട്ടുകുലുക്കിടുന്നുനിയതം
    തക്കിച്ചുക്രൂട്ടുന്നുപോൽ
അപ്പൂപ്പൻവഴിമാറുമെന്നൊരുമഹാ
    ഭാവംവഹിക്കുന്നുപോൽ 144

---

പാരിൽകൃസ്തുമതംഭജിച്ചുമരുവും
    കൃസ്ത്യാനിവർഗ്ഗങ്ങളും
ധീരൻനല്ലനിബിക്കുചെന്നവർകളും
    മററുള്ളവർഗ്ഗീയരും
പാരംതങ്ങളുയർന്നനല്ലനിലയിൽ
    ചേരാനുപായങ്ങളോ-
ത്താരംഭംപലതുംതുടർന്നിതുപരം
    മുമ്പൊന്നുമില്ലീവിധം 145

---

144 അപ്പൂപ്പൻ=മുത്തച്ഛൻ.

പൂൎവ്വാധികംപലവിധേനപരിഷ്കരിച്ചീ-
ട്ടുൎവ്വീനിവാസികളുയൎന്നതിനാലിദാനീം
സൎവ്വംസഹാമഹിതകേരളനാമധേയം
സൎവ്വജ്ഞയായ് പരമകാഷ്ഠയിലെത്തിപോലും 146

---

ജാതിക്കെട്ടുമശുദ്ധവുംപ്രബലമായ്
നില്ക്കുന്നിതിപ്പോഴുമീ
ജാതിക്കാരിലൊരാൾക്കുയൎച്ചയപര
ന്നത്ത്യോമഹാസങ്കടം
പ്രീതന്മാരിവർതമ്മിലൊന്നുയരുവാ
നൊന്നിച്ചുയത്നിച്ചിടാ-
തേതോമത്സരമാൎന്നുനായിനുസമാ
തമ്മിൽകടിക്കുന്നുഹാ 147

നിത്യംകേരളവാസികൾക്കുപുറമേ
കാണുംപരിഷ്കാരമി-
ന്നത്യന്തംബഹുമാനനീയമതിനി
ല്ലൊട്ടുംവികല്പംദൃഢം
പ്രത്യക്ഷംപുറമെന്നപോലകവശം
പുണ്യാഹഹോമാദിയാൽ
സത്യംശുദ്ധിവരുത്തുവാൻതുനിയണം
ദേശപ്രിയന്മാർപരം 148

---

പണ്ടീകേരളഭൂമിയിൽപ്രബലമാ-
യ്ക്കുണ്ടാനടപ്പാക്കെയ്യോ
തിണ്ടാടുന്നതുകണ്ടീടുന്നുനിയതം
മാറുന്നിതോരോവിധം

കണ്ടോളം പുത്തുമയാമാണ്ടു സകലം
കാണുന്ന ശോഭാവഹം
കണ്ടീലാ കവിതക്കു മാത്രമണുവും
ഭേദം മഹാവിസ്മയം 149

കാലം പോലിഹ കോലമെന്നു പറയും
ചൊല്ലില്ലപോലും കവി-
ക്കാലസ്യം നഹി, സിംഹ, മാന, കമലം,
തൊട്ടുള്ളതുണ്ടെപ്പൊഴും
ചേലോടക്ഷയപാത്രതുല്യമധികം
സമ്പത്തുപൂർവ്വാർജ്ജിതം
പാലിക്കും കവികൾക്കൊരന്യമുതവി-
ന്നാകാംക്ഷയുണ്ടാകുമോ? 150

മുമ്പുള്ളാളുകളൊക്കെയും പലവിധം
വിഖ്യാതരാണെങ്കിലും
വമ്പന്മാർ ഗുണപൂർണ്ണദോഷരഹിത-
ന്മാരെന്നു വന്നീട്ടുമോ
സമ്പൂർണ്ണം ഗുണമാസ്പദിച്ചു വലുതാം
ദോഷം കളഞ്ഞാദരാൽ
പിമ്പേ പോകണമന്നതിക്കിതിനുമേൽ
മററില്ലദിവ്യൌഷധം. 151

നാരീവർണ്ണനവേണ്ടതാണു കവിത-
ക്കെന്നോർത്തുവേണ്ടാസനം
വാരിക്കോരിനിറച്ചിടുന്നപണിവൃ-
ണ്ടിപ്പോഴുമത്യത്ഭുതം.

പാരംപൂർവ്വകവീന്ദ്രരെക്കവിയമാ-
റോരോന്നുരച്ചീടുവാൻ
പോരുംഞാനിതിവാശിപൂണ്ടുപലരും
വാഗ്ധാടികാട്ടുന്നുപോൽ 152

എപ്പോഴുംപലജാതികഞ്ചുകമണി-
ഞ്ഞാകണ്ഠമാച്ഛാദനം
ചെപ്പേലുംമുലമാക്കുറച്ചുനിലയിൽ
കാണുന്നിതെല്ലാടവും
തപ്പാതങ്ങുടൽകാൺമതിന്നുകവികൾ
ക്കുണ്ടായസൌകര്യമി-
ന്നിപ്പോളില്ലതിനാൽകഴുത്തുവരെയും
വർണ്ണിപ്പതല്ലേശ്ശുഭം! 153

സഭ്യംമാത്രമുരച്ചസഭ്യമൊരുപോ-
തെങ്ങുംവരാതായ്‌വരാ-
നഭ്യാസംകവികൾക്കുവേണമതിനോ
വൈകുന്നകാലംദൃഢം
ഏഭ്യന്മാർകുറവായ്സുപൂജിതജനം
കൂട്ടംസമാജങ്ങളാൽ
നിർഭത്സിച്ചുരചെയ്വതിന്നിടവരും
കാവ്യങ്ങളെന്തിന്നുവാൻ? 154

പണ്ടുള്ളാനിലവിട്ടുഭാര്യഭഗിനീ
മാതാവുപുത്രാദികൾ-
ക്കുണ്ടിപ്പോളുരുകൌതുകംപലതരം
കാവ്യങ്ങൾനോക്കീടുവാൻ

കണ്ടോളംപലരൊത്തിരുന്നതിലൊരാൾ
വായിക്കുമപ്പോളവ-
ർക്കുണ്ടാകൊല്ലവെറുപ്പകത്തുകവനം
വേണംനിരാക്ഷേപമായ് 155

പണ്ടുള്ളാളുകളെക്കുറിച്ചുബഹുധാ
വർണ്ണിച്ചുകൊണ്ടീടുവാ-
നുണ്ടല്ലോകവികൾക്കുതോന്നിയവിധം
സ്വാതന്ത്ര്യമെപ്പോഴുമേ
കണ്ടിട്ടുള്ളവരില്ലകാൺകയുമി-
ല്ലെന്നുള്ളദിക്കിൽഭയം
വേണ്ടാവേണ്ടവിധംകവിക്കുപറവാൻ
നൈരങ്കുശ്യമുണ്ടേറവും 156

കണ്ടുംകേട്ടുമറിഞ്ഞുമുള്ളനരരെ
ക്കൊണ്ടാടിയോതീടുവാൻ
പണ്ടേതോകവിയിട്ടതൊത്തുതകുമോ
കേട്ടാൽനിരന്നീടുമോ?
കണ്ടോളംപരമാർത്ഥമായിവരണം
കാര്യത്തിലൊത്തീടണം
കിണ്ടത്തംപിണയായ്കവേണമതിനാ-
ലൊക്കുന്നതോതേണ്ടയോ? 157

വർണ്ണിക്കുന്നതിനുണ്ടതിർത്തിയുളവെ-
ന്നോരാതെതോന്നുംവിധം
കർണ്ണത്തിന്നുരസംവരുത്തിയധികം
വാഗ്ദ്ധാടികാണിക്കുവാൻ

പൂർണ്ണാർത്ഥംവചനംനിരർത്ഥകമതാ-
　　യോരോന്നരച്ചാവിധം
ജീർണ്ണിപ്പിച്ചുവസിച്ചിടുന്നകവിയെ
　　മാനിപ്പതാർമന്നിടേ? 581

പ്രാസംവേണമതെന്നുറച്ചുഭുവനം
　　മുച്ചൂടുമോടിക്കിത-
ച്ചാസനംമരണംകവിക്കവരുമെ
　　ന്നീലോകരോർക്കുംവിധം
ശ്വാസംവിട്ടുവലിച്ചിഴച്ചൊരുപദം
　　താങ്ങിപ്പിടിച്ചാവിധം
പ്രാസാതങ്ങിനെവെച്ചിടുന്നകവിയെ
　　മാനിപ്പതാർമന്നിടേ? 159

സ്വൈരംനാട്ടുഭരിക്കുവാനപരനെ
　　സ്സേവിച്ചുകപ്പംകൊടു-
ത്താരാധിച്ചു[illegible]മെന്നൊരുപദം
　　പോലുംശ്രവിക്കാത്തൊരാൾ
വീരൻവൈരികുലാന്തകൻസമരഭൂ-
　　വിക്രാന്തനാണെന്നതാ
നാരാനുംപറയുന്നതാകിലവനേ
　　മാനിപ്പതാർമന്നിടേ? 160

സേവക്കീവകവാക്കുവെക്കുകിലഹോ
　　ചാരുത്വമുണ്ടാകുമെ-
ന്നേവംഹന്തപരിഭ്രമിച്ചുചിതമാം
　　ദേശങ്ങൾകാലങ്ങളും

---

159 മുച്ചൂടും=മുഴുവൻ.

ജീവിക്കുന്നവിധങ്ങളുംഹൃദിമാ-
നാർത്ഥങ്ങളോരാതെക-
ണ്ടാവശ്യത്തിനുവല്ലതുംപറയുകിൽ
മാനിപ്പതാർമന്നിടേ? 161

---

മാരീചാധികകോമളൻതരുണിമാ
ക്കീലോകമാരൻമഹാ-
ധീരോദാത്തനുമാമഹേശപരസമൻ
വില്ലാളിവര്യൻപരം
പാരീരേഴിലുമദ്വിതീയനമല
ശ്രീമാൻകലാവല്ലഭൻ
പാരിൽപണ്ടുളവായിവാഴവിളയിൽ
ശ്ലാഘ്യനാംപൂരുഷൻ 162

ലങ്കാഭടന്റെഭഗിനീസമരംഭതുല്യാ
തിങ്കൾപ്രസന്നമുഖിചെമ്പകതുല്യവർണ്ണാ
തങ്കപ്രകാശകുചകുംഭവിരാജമാനാ
പങ്കേരുഹാക്ഷിയൊരുപാർവ്വതിമഹോജനിച്ചാൾ 163

വൃത്തംപ്രാസമൊഴുക്കുകർണ്ണസുഖവും
വാഗ്ധാടിലാളിത്യവും
ചേർത്തിക്കൊണ്ടൊരുകോടിയിൽപരമഹോ
ശ്ലോകങ്ങളുണ്ടാക്കുവാൻ
പാർത്താളുംപണിയില്ലയെന്നിവിടെയീ-
മുൻചൊന്നപദ്യദ്വയം
തീർത്തോരുന്നിതുതുല്യകാവ്യമതിനേ
മാനിപ്പതാർമന്നിടേ? 164

മാക്കോച്ചാർകവിയാണുപോൽ കവിതയു-
ണ്ടുണ്ണൂലിയമ്മക്കുമേ
ചക്കികളുംകാളിതാവിദഗ്ദ്ധതപരാ
കാണുന്നുപോലത്ഭുതം
ചൊക്കൻ ചങ്കരനുംമഹാകവികളാ-
ണത്രേപരം കേരളം
മുക്കാലും കവികൾക്കൊഴിഞ്ഞകളരി-
ത്തട്ടായിരിക്കുന്നുപോൽ 165

---

ചെവിക്കുമാത്രം സുഖമേകുമാറുതാൻ
കവച്ചുനാനാവിധവാക്കുവെച്ചുതാൻ
കവിക്കുതോന്നുംപടി, ചേർച്ചവിട്ടുതാൻ
ചവച്ചുതുപ്പുംകവനങ്ങളെന്തിനോ? 166

നിരന്നുപൂത്തങ്ങിനെകൌതുകത്തൊടും
വിരിഞ്ഞുനിർഗ്ഗന്ധമനല്പകോമളം
മുരിക്കിനുണ്ടാംകുസുമങ്ങൾപോലവേ
പരന്നുകാണുംകവനങ്ങളെന്തിനോ? 167

തെളിഞ്ഞശീതാംശുകനിഞ്ഞുനോക്കിയാൽ
ഞെളിഞ്ഞുനില്ക്കുംരവിനോക്കിയാലുടൻ
ചുളിഞ്ഞുകൂട്ടുംകുമുദങ്ങൾപോലെതാ-
നൊളിച്ചുമാറുംകവനങ്ങളെന്തിനോ? 168

പുരാണകാവ്യങ്ങളിലുള്ളതൊക്കെയും
പഠംകവർന്നങ്ങിനെതന്റെയാക്കിയും
തരംവരുമ്പോളതിസ്സവനോക്കിയും
പരന്നുകാണുംകവനങ്ങളെന്തിനോ? 169

---

95956
1962
O32:1M848:11
G8

മുല്ലപ്പൂതലയിൽധരിച്ചഴകെഴും
നീരാളക്കുപ്പാസമി-
ട്ടുല്ലാസാലൊരുപട്ടുടുത്തവയവം
കഷ്ടാഭിഭ്രതംപരം
കില്ലെന്ന്യെബതമൂടിവെച്ചുഗണികാ
കണ്ണിട്ടുകാട്യാംഗനാ
ചെല്ലുന്നൂപലദിക്കിലുംപലരെയും
വെല്ലുന്നിതാഢംബരാൽ 170

---

മനസ്സിലാനന്ദമുദിച്ചിടുന്നതാ-
മനന്യസാധാരണഭംഗിയുള്ളതായ്
നിനച്ചുനോക്കുമ്പൊഴുതെററവുംരസം
കനത്തു[illegible]കവനങ്ങളെങ്ങുവാൻ? 171

കനത്തലുബ്ധന്നുമഹാധനംകണ-
ക്കെനകമാവത്തിയെടുത്തുനോക്കിലും
മനസ്സിലാലസ്യമുദിച്ചിടാത്തതാ-
മനല്പസാരംകവനങ്ങളെങ്ങുവാൻ? 172

ഇരുട്ടുകൂട്ടുംസമയത്തുകൂമ്പിയും
പരംവെളിച്ചത്തുവിരിച്ചുകാട്ടിയും
പരന്നൊരാഹ്ലാദമുദിക്കുമാറെഴും
സരോജതുല്യംകവനങ്ങളെങ്ങുവാൻ? 173

മനോഹരാമോദഭരംവഹിച്ചുതാ-
യനന്തമാനന്ദഭാഗ്യസമന്വിതംസദാ

മനോജ്ഞസൌഗന്ധികപുഷ്പമെന്നപോൽ
മനസ്സിളക്കളംകവനങ്ങളെങ്ങുവാൻ? 174

കിന്നത്തൊരഞ്ചാറുപദംപെറുക്കിവെ-
ച്ചുണ്ണത്തുഞാനുംകവിയെന്നുചൊല്ലിയാൽ
ത്തുണക്കളന്തുറായിരമാളുനിൽക്കിലും
ഗുണംവരാത്തോൻകവിയാകയില്ലതാൻ 175

---

പ്രാസംവൃത്തമൊഴുക്കിടക്കയറിയും
നാലഞ്ചലങ്കാരവും
പാസാക്കാൻമതിയാകുമുന്നതനില-
ക്കാകില്ലനിസ്സംശയം
ക്രുസാത്തേപലവൃത്തമൊത്തുവളരെ
ശ്ലോകംചമച്ചീടിലും
ത്രാസിൽത്തൂക്കിയെടുത്തിടുന്നസമയം
കാണില്ലത്തൂക്കംദൃഢം 176

പാർത്തോളംബൊഹുസങ്കടംകവിയതെ-
ന്നുള്ളൊരുരണ്ടക്ഷരം
ചേർത്തീടാംമമപേരിനോടിതിമഹാ-
മോഹംതുലോംനിഷ്ഫലം
പാർത്തട്ടിൽതിലകോപമംവിലസിടും
ശ്രീയാർന്നെഴുംകേരളം
മുത്താർന്നത്രകവീന്ദ്രരെപ്രതിദിനം
സൃഷ്ടിച്ചുപോരുന്നഹാ 177

---

ഹാകഷ്ടംകമലാസനൻെറകഠിന-
കൈയ്യെന്തുരൂക്ഷംപരം
ചാകട്ടെകവിയാകുവാനവിരതം
മോഹിച്ചുതന്നേയിവൻ
പോകട്ടേജളനീനിലക്കിതിമഹാ-
ധൃഷ്ടൻവിധിക്കാതെക-
ണ്ടാകട്ടേ,യിവനുംമഹാകവിയതെ-
ന്നെന്തേവിധിച്ചീലജൻ? 178

---

താരുണ്യാരുണഃകോമളാധരകപോ
ലാലംകൃതംവക്ത്രവും
താരായുഗ്മസമാനമുജ്ജ്വലിതമാ
മാലോലനേത്രങ്ങളും
ചേരുംചാരുമനോഹരാംഗിമകളെ
ന്നോരാതെപുൽകുന്നവ-
ന്നാരീവേലകൊടുത്തിതായവനെന്താ
നെന്തൊന്നുചൊല്ലേണ്ടതും 179

ഭാഷാകവിപ്രവരരായമഹാനുഭാവ-
രാഷാഢഭൂതിയിവനെന്തൊരുഭോഷനെന്നും
ഘോഷിച്ചിടാതെകരുണാരസസുസ്മിതത്താൽ
ദോഷംവെടിഞ്ഞനുതപിക്കുകിലെൻെറഭാഗ്യം 180

---

ക്രിസ്ത്വാബ്ദത്തിലൊരായിരത്തിലധികം
തൊള്ളായിരത്തിൽപരം
പത്തുംനാലുമതൊത്തകൊല്ലമവസാ
നിക്കുന്നകാലത്തിതാ
മെത്തുംമുത്തുകലർന്നുകൊണ്ടുവികട
ശ്ലോകങ്ങൾനൂറെറൺപത്തും
തീർത്തിട്ടീകൃതിപൂർത്തിയാക്കിവിനയം
കയ്ക്കൊണ്ടിരിക്കുന്നുഞാൻ 181

സമാപ്തം

MUL
095956

B. V. BOOK DEPOT & PRINTING WORKS, TRICHUR.

B117